
ഇന്നത്തെ അമ്മ
ഡോ: സുവർണ്ണ നാലപ്പാട്ട്

ഇന്നത്തെ അമ്മ

ഡോ. സുവർണ്ണ നാലപ്പാട്ട്

ബാലസാഹിതി പ്രകാശൻ
മാധവസ്മൃതി, ആലുവ - 1

ഇന്നത്തെ അമ്മ

ഡോ. സുവർണ്ണ നാലപ്പാട്ട്

പ്രസാധകർ :
ബാലസാഹിതി പ്രകാശൻ
മാധവനിലയം, ചിത്രാ ലെയിൻ,
ആലുവ - 1

യുഗാബ്ദം 5104
2002 സെപ്റ്റംബർ

കോപ്പി : 2000

ലിപി വിന്യാസം, അച്ചടി :
ശ്രീകാർത്തിക എന്റർപ്രൈസസ്,
എളമക്കര, കൊച്ചി - 26

വില : 20 രൂപ

Innathe Amma - *Dr. Suvarna Nalappattu* • *Published*
Balasahithi Prakasan, Aluva - 1 • *First Edition September 20*
• *Typesetting & Printing : Sreekarthika Enterprises, Elamakka*
Kochi - 26 • *Rs. 20.00*

പ്രസാധകക്കുറിപ്പ്

നമ്മുടെ മാതൃഭൂമിയായ ഭാരതം അതുല്യവും അളവറ്റതുമായ
സംസ്കാരികപാരമ്പര്യത്തിന്റെ ഉറവിടമാണ്. ഇവിടെ ജനിച്ചുവളരുന്ന
ഓരോ കുട്ടിയും ഈ പാരമ്പര്യത്തിന്റെ അവകാശിയാണ്. മറ്റെന്തു വിദ്യ
ഭ്യസിച്ചാലും പൂർവ്വികസംസ്കാരം ഉൾക്കൊള്ളുന്നില്ലെങ്കിൽ ആ
വിതം അർത്ഥശൂന്യവും നിരാശാപൂർണ്ണവുമായിരിക്കും.

നമ്മുടെ സാംസ്കാരികത്തനിമയെ പുത്തൻ തലമുറകൾക്ക്
രിചയപ്പെടുത്തിക്കൊടുക്കുന്ന ബാലസാഹിതീ പ്രകാശൻ കുട്ടികൾ
ായി സമർപ്പിക്കുന്ന ഏറ്റവും പുതിയ ഒരു സമ്മാനമാണ് 'ഇന്നത്തെ
മ്മ'. ഭാരതത്തിന്റെ ശാസ്ത്രപാരമ്പര്യത്തിൽനിന്നും ചില
ങ്ങളെ അവതരിപ്പിച്ചുകൊണ്ട് ഡോ. സുവർണ്ണാ നാലപ്പാട്ട് ഈ
സ്തകത്തിലൂടെ ബാലജനങ്ങളോട് സംവദിക്കുന്നു.

ശാസ്ത്രീയത നിറഞ്ഞ നമ്മുടെ പാരമ്പര്യത്തിൽ ആകാംക്ഷ
ർത്തുന്ന ഈ ഗ്രന്ഥം ഏവർക്കും ഒരു മുതൽക്കൂട്ടായിരിക്കും.
ന്നത്തെ അമ്മ"യെ അണിയിച്ചൊരുക്കിയ ഡോ. സുവർണ്ണാ
പ്പാട്ടിനും അവതാരിക എഴുതിയ ഡോ. വി.പി. എൻ. നമ്പൂതിരിക്കും
മനോഹരമായി അച്ചടിച്ച ശ്രീകാർത്തിക എന്റർപ്രൈസസിനും
സാഹിതീ പ്രകാശൻ നന്ദി പറയട്ടെ.

– ബാലസാഹിതീ പ്രകാശ

ഇന്നത്തെ അമ്മ

വേറിട്ടൊരു മാതൃവാണി

[illegible] വിദ്യാഭ്യാസത്തിൽ ഉൾപ്പെടുത്തേണ്ടതില്ല എന്നും 19-ാം നൂറ്റാണ്ടിന്റെ [illegible] എതിർത്തു. എന്നാൽ മെക്കാളെയുടെ [illegible] ഇന്ത്യയിൽ വിദ്യാഭ്യാസ മേഖലയ്ക്ക് സമൂലമായ മാറ്റമുണ്ടാക്കി. ഭാരതീയമായതെന്തും അന്ധവിശ്വാസവും അബദ്ധജടിലവുമാണെന്നും [illegible] ഉള്ള മനോഭാവം ഭാരതീയരിൽത്തന്നെ ഉളവാക്കാനും പുറത്തുനിന്നു വരുന്നതെന്തും അമൂല്യമാണെന്ന് കണ്ണടച്ചു വിശ്വസിക്കാനും ഉള്ള ഒരു 'നവീന മനസ്സായി' ഭാരതീയചേതന രൂപാന്തരം പ്രാപിച്ചു. ആര്യന്മാരുടെ ആക്രമണം എന്ന ഇതിഹാസംപോലും പിന്നീട് ഒരു യഥാർത്ഥ സംഭവമാണെന്ന് വരുത്തിത്തീർക്കാൻ കഴിഞ്ഞത് തികച്ചും ദൗർഭാഗ്യകരമാണ്. കുട്ടികളുടെ വിജ്ഞാനകോശത്തിൽ (ഒരു സർക്കാർ പ്രസിദ്ധീകരണം) ആര്യന്മാർ എന്ന പദത്തിനു വിവരണം നൽകുന്നതിനിടയിൽ ഒരു ചിത്രമുണ്ട്. കുതിരപ്പുറത്ത് ഇരുന്നുകൊണ്ട് ഒരാൾ നാട്ടുകാരെ ചാട്ടവാറുകൊണ്ട് അടിച്ചോടിക്കുന്നു. എന്തൊരു മാരകവിഷമാണ് കുട്ടികളുടെ മനസ്സിൽ കുത്തിവയ്ക്കുന്നത്!

ബ്രിട്ടീഷ് വിദ്യാഭ്യാസം ധാരാളം നന്മകൾ പ്രദാനം ചെയ്തിട്ടുണ്ട്. എന്നാൽ അതിൽനിന്ന് ഉല്പന്നമായ മാനസികാടിമത്തം എന്ന കാളകൂടം ആ നന്മകളെ നിഷ്പ്രഭമാക്കിയിരിക്കയാണ് - പ്രത്യേകിച്ചും വർത്തമാനകാലഘട്ടത്തിൽ. ഞാനൊരു ഹിന്ദുവാണെന്ന് പറയുന്നത് കുറച്ചിലും 'ഞാനൊരു ഹിന്ദുവല്ല' എന്നു പറയുമ്പോൾ പുരോഗമനവും ആണെന്ന് വരുത്തിത്തീർക്കാൻവരെ നമ്മുടെ ഔപചാരിക വിദ്യാഭ്യാസത്തിന് കഴിഞ്ഞിട്ടുണ്ടല്ലോ.

ഒരു പുനർവായനയ്ക്കും, തിരിഞ്ഞുനോട്ടത്തിനും കാലമായി. ഭാരതീയരും വിദേശീയരുമായ ധാരാളം ചിന്തകന്മാരും, ശാസ്ത്രജ്ഞരും ഈ ദിശയിലേയ്ക്ക് യാത്ര തുടങ്ങിക്കഴിഞ്ഞു. വേദോപനിഷത്തിൽ നിഹിതമായിരിക്കുന്ന വിജ്ഞാനരത്നശേഖരം ഖനനം ചെയ്തെടുക്കാൻ

[illegible]

ഗണിതശാസ്ത്രത്തിൽ ചില പ്രസ്താവനകൾ അവതരിപ്പിച്ചാൽ അത് കുട്ടികൾക്ക് കൂടുതൽ ഉൾക്കൊള്ളുവാൻ കഴിയും എന്ന് തോന്നുന്നു. ഉദാഹരണത്തിന് "ത്രിമാന വസ്തുവിന്റെ അളവുകൾ $\sqrt[3]{2}$ മടങ്ങ് വർദ്ധിപ്പിച്ചാൽ വ്യാപ്തം ഇരട്ടിക്കും" എന്ന പ്രസ്താവന താഴെ പറയും പ്രകാരം വിവരിച്ചാൽ നന്നായിരിക്കും. a സെന്റിമീറ്റർ നീളം വശമുള്ള ഒരു ക്യൂബിന്റെ വ്യാപ്തം a^3 ഘന സെമീ. $\sqrt[3]{2}a$ സെന്റിമീറ്ററായി വശത്തിന്റെ അളവ് വർദ്ധിപ്പിച്ചാൽ വ്യാപ്തം $(\sqrt[3]{2}a)^3=2a^3$. അതായത് വ്യാപ്തം ഇരട്ടിക്കുന്നു.

ഈ പുസ്തകത്തിൽ ഉപയോഗിച്ചിരിക്കുന്ന ഭാഷയെക്കുറിച്ച് എടുത്തുപറയണം. അമ്മമാർ കുട്ടികൾക്ക് പറഞ്ഞു മനസ്സിലാക്കി കൊടുക്കുന്ന ആർജവം ഈ പുസ്തകത്തിലെ ഭാഷയിൽ തിളങ്ങി നിൽക്കുന്നു. അതുകൊണ്ടുതന്നെ "ഇന്നത്തെ അമ്മ" എന്ന നാമം ഈ പുസ്തകത്തിന് തികച്ചും അനുയോജ്യമാണ്. ഡോക്ടർ സുവർണ്ണ നാലപ്പാട്ടിനെ ഞാൻ അഭിനന്ദിക്കുന്നു - ഇത്തരമൊരു പുസ്തകം എഴുതിയതിൽ.

ഡോ. വി.പി.എൻ. നമ്പൂതിരി
ഇന്റർനാഷണൽ സ്കൂൾ ഓഫ് ഫോട്ടോണിക്സ്
കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല

വിശാഖിന് [illegible]
[illegible]

"ദശപാപഹര"മായ അമ്മയുടെ മനസ്സിൽ!

1.	ലീലാവതി	9
2.	മലർത്തിയ ആമത്തോടുപോലെ പ്രപഞ്ചം	12
3.	ദൈവസർഗ്ഗക്രമം	15
4.	ദൈവതകമനു	17
5.	പാണന്റെ പാട്ട്	21
6.	ലീല	26
7.	ഹൈന്ദവം, സൈന്ധവം	30
8.	ക്ലിയോപാട്രയും ഉണ്ണിയാർച്ചയും	34
9.	പാസ്കലിന്റെ ത്രികോണം	38
10.	ഇന്നത്തെ അമ്മ	44

ലീലാവതി

പ്രിയപ്പെട്ട കുട്ടികളെ,

ഞാൻ ഓർക്കുകയാണ്, എന്റെ കുട്ടിക്കാലത്തെപ്പറ്റി. ഞാൻ ജനിച്ച തറവാട്ടിൽ ഒരു പഴയ നാഴികവട്ട ഉണ്ടായിരുന്നു. നാഴികവട്ട എന്നു വെച്ചാൽ ജലഘടികാരം. നേർത്ത ലോഹത്തകിടുകൊണ്ട് ഉണ്ടാക്കിയ [illegible] ഒരു [illegible] ആകൃതി [illegible] ആകൃതി. കുറച്ചുകൂടി കൃത്യമായി പറഞ്ഞാൽ ഒരു അർദ്ധഗോളം പോലെ ഇതാ, ഇങ്ങനെ. അതിപ്പോഴും എന്റെ കണ്ണിലുണ്ട്.

നാഴികവട്ടയുടെ അടിഭാഗത്തായി ഒരു ചെറിയ സുഷിരമുണ്ട്. ഒരിക്കൽ ഞാൻ അതെടുത്ത് കളിക്കുകയായിരുന്നു. അപ്പോൾ മുത്തശ്ശി എനിക്ക് ഒരു കഥ പറഞ്ഞുതന്നു. "ലീലാവതി"യുടെ കഥ. ലീലാവതി

നാഴികവട്ട
(ജലഘടികാരം

യുടെ അച്ഛൻ പണ്ഡിതനായിരുന്നു, വിദ്വാനായിരുന്നു. "എന്റെ അമ്മ
മനെപ്പോലെ" എന്ന് ഞാൻ മനസ്സിൽ വിചാരിച്ചു. അദ്ദേഹം തന്റെ മക
പഠിപ്പിച്ചു. വിദുഷിയാക്കി. ലീലാവതിക്ക് കല്യാണപ്രായം ആയപ്പോ
അച്ഛൻ മുഹൂർത്തം ഗണിച്ചു. ഒറ്റ മുഹൂർത്തമേയുള്ളു. ആ മുഹ
ർത്തത്തിൽ വിവാഹം നടന്നില്ലെങ്കിൽ ലീലാവതി കന്യകയായിരിക്കേ
ണ്ടിവരും എന്നറിഞ്ഞപ്പോൾ പണ്ഡിതനായിരുന്നിട്ടും ആ അച്ഛന് പരിഭ്രമമാ
മുഹൂർത്തം തെറ്റാതിരിക്കാൻ, സമയം കൃത്യമായളക്കാൻ അദ്ദേഹം ന
വട്ട വെള്ളത്തിൽവച്ചു. കൗതുകപൂർവ്വം ലീലാവതി അതിനടുത്തുവ



[illegible]

[illegible] കാണാം. അതായത് ആർക്കിമിഡീസ് പ്രിൻസിപ്പിൾ നാഴികവട്ട നിർമ്മിച്ച ശില്പികൾ അറിഞ്ഞിരിക്കണം. നാഴികവട്ടയുടെ നിർമ്മാണം അതിസൂക്ഷ്മമായി പണിയറിയാവുന്ന ഒരു ശില്പിക്കേ സാധിക്കൂ. അത്ര നേർത്തതാണ് അതുണ്ടാക്കാനുപയോഗിക്കുന്ന ലോഹത്തകിട്. നാഴികവട്ടയെക്കുറിച്ചും അതുണ്ടാക്കുന്ന വിധത്തെക്കുറിച്ചും വിക്രമാദിത്യ മഹാരാജാവിന്റെ സദസ്സിലെ നവരത്നങ്ങളിൽ ഒരാളായിരുന്ന വരാഹമിഹിരൻ തന്റെ പുസ്തകങ്ങളിൽ പറഞ്ഞിട്ടുണ്ട്. ലീലാവതിയുടെ അച്ഛൻ ഭാസ്കരാചാര്യൻ വരാഹമിഹിരനേയും ആര്യഭടനെയും പോലെ പ്രസിദ്ധനായ ഒരു ജ്യോതിശ്ശാസ്ത്രജ്ഞനായിരുന്നു. അദ്ദേഹം എഴുതിയ ഒരു ഗണിതഗ്രന്ഥത്തിന്റെ പേരും മകളുടെ പേരുതന്നെ - "ലീലാവതി."

2
മലർത്തിയ ആമത്തോടുപോലെ പ്രപഞ്ചം

[illegible]



[illegible]

[illegible] കുഴൽ (സിലിണ്ടർ) [illegible]

[illegible]

[illegible] ഗുഹകൾ [illegible] എടക്കൽ [illegible] ആർക്കിമിഡീസ് [illegible] ആർക്കിമിഡീസിന്റെ തത്ത്വം അറിയാമായിരുന്നു എന്നു കാണിക്കുന്ന ചിത്രങ്ങൾ ഗുഹാഭിത്തിയിൽ ഉണ്ട്.

കുഴൽ (സിലിണ്ടർ) ഒരു ഭ്രമണകക്ഷ്യയാണ് എന്നും ഗോളവൃത്തം [illegible] 45° കോണുകൾ സൃഷ്ടിച്ച് [illegible] സർപ്പിളമായി (ഹെലിക്സ്) [illegible] ഉയരുന്നു എന്നും സങ്കല്പിക്കുക. ഒരു പൂർണ്ണ ഭ്രമണസമയത്ത് [illegible] ഗോളചലനം സൃഷ്ടിച്ച ആകെ ഊർജ്ജം വൃത്തപരിധിക്കു തുല്യമായിരിക്കും. വൃത്തപരിധി വെറും ജ്യാമിതീയ വൃത്തപരിധിയല്ല. ഗോളചലനം കൊണ്ട് (ഗതികോർജ്ജം) ഉണ്ടായ ഊർജ്ജമാണ്. $\frac{\text{പരിധി}}{\text{വ്യാസം}}$ അഥവാ "പൈ" എന്ന ആശയത്തിൽ ചതുർമ്മാനമെന്ന കാലവും ഗോള ചലനത്തിന്റെ സൃഷ്ടിയായ ഊർജ്ജവും ഉണ്ട്. അതിനാൽ "പൈ" ഒരു അതീന്ദ്രിയസംഖ്യയാണ്. ഇത് 1882ൽ ഹെർഡിനാന്റ് ലിൻഡർമാൻ കണ്ടെത്തുംവരെ പാശ്ചാത്യർക്ക് അറിവുണ്ടായിരുന്നില്ല.

"പൈ" ഒരു അതീന്ദ്രിയ സംഖ്യയാകയാൽ അത് കണ്ടെത്താനുള്ള അനന്തശ്രേണി (Infinite Series) ആയി ദശാംശ സമ്പ്രദായം ഇന്ത്യക്കാർ ഉപ്പാക്കി.

1-1+1-1+1-1+1.... എന്നത് ഒന്നുകിൽ (1-1)+(1-1) + ...=0

എന്നെഴുതാം.

അല്ലെങ്കിൽ 1+(-1+1)+(-1+1).......=1

എന്നോ

1+(0)+(0).....= 1 എന്നോ എഴുതാം

0,1 എന്നല്ലാതെ മറ്റൊരു സംഖ്യയില്ല എന്നർത്ഥം. ഈ നിയമമാണ് ഇന്ത്യാക്കാർ (സാംഖ്യശാസ്ത്രം) ഗണിതത്തിൽ പ്രയോഗിച്ചത്. ഇതാ

zero (0) one (1), successor



താമരനാളംപോലെ നേർത്ത മധ്യം

3

ദൈവ സർഗ്ഗക്രമം

മഴ കാണാനും അതിന്റെ ശബ്ദംകേൾക്കാനും എന്തൊരു രസമാണ് - അല്ലേ? നല്ല മഴ പെയ്യുമ്പോൾ നടുമുറ്റത്ത് പതിച്ച കരിങ്കല്ലിൽ "ഠപ്പ്..." എന്ന ശബ്ദത്തോടുകൂടി വെള്ളപ്പാത്തികളിലൂടെ വെള്ളം വീഴും. നടുമുറ്റത്ത് മുട്ടോളം വെള്ളം വരും.

നല്ല മഴയത്ത് കുളത്തിൽനിന്ന് തോട്ടിലേക്ക് ഒഴിച്ചുപോകുന്ന വെള്ളത്തിൽ കയറാനുള്ളതാണ്ആവിർഭാവം എനിക്ക് ഇഷ്ടമായിരുന്നു. കുട്ടികൾ ഒറ്റയ്ക്ക് വെള്ളത്തിൽ കളിക്കാൻ പോകരുത്. അതുകൊണ്ട് അമ്മാമൻ എന്നെ കൈയെടുത്ത് തോളുവരെയായിട്ട് നടക്കും. കയ്യിൽ വലിയ ഒരു ഓലക്കുടയുണ്ടാവും. പനമ്പ് കൊണ്ടും മുളകൊണ്ടും ഉണ്ടാക്കിയ ഒരു കുട. അങ്ങനെ ഒന്ന് നിങ്ങൾ കണ്ടിട്ടുണ്ടോ? ഇപ്പോൾ എല്ലാം ശീലക്കുടകളല്ലേ? പോപ്പിക്കുട - സെന്റ് ജോർജ് കുട... നിറമുള്ള കുടകൾ... പഴയ ഓലക്കുടയുടെ വംശം കുറ്റിയറ്റുപോയി.

ചിലപ്പോൾ മഴവെള്ളം നേരെ തലയ്ക്കുമുകളിൽ പതിക്കും. ചിലപ്പോൾ മഴച്ചാറൽ ആകാശത്തുനിന്ന് ചെരിഞ്ഞു ചെരിഞ്ഞ് വന്നു വീഴും. അപ്പോൾ കുട ചെരിച്ചു പിടിച്ചില്ലെങ്കിൽ ആകെ നനയും. അമ്മാമൻ ഓലക്കുട ചെരിച്ചുപിടിച്ച് ശരീരത്തിൽ മഴവെള്ളം വീഴാതെ എന്നെ കൊണ്ടുപോകും.

ഒരിക്കൽ ഞാനും മുത്തശ്ശിയും കൂടി ഉമ്മറക്കോലായിൽ ഇരിക്കുകയായിരുന്നു. രാത്രി. മുകളിൽ ആകാശത്തിൽ തലയ്ക്കുനേരെ ഒരു നക്ഷത്രം - മുത്തശ്ശി പറഞ്ഞു. അതാ - ആ കാണുന്നതാണ് സ്വർഗ്ഗക്കുട്ടിയുടെ നക്ഷത്രം എന്ന്. എന്റെ ജന്മനക്ഷത്രമായ പുണർതം നക്ഷത്രസമൂഹത്തിലെ ഒരു പ്രകാശതാരം - നക്ഷത്രങ്ങൾ നിറഞ്ഞുനിൽക്കുന്ന ആകാശത്തേക്ക് നിങ്ങൾ നോക്കാറുണ്ടോ? നോക്കാറില്ലെങ്കിൽ നോക്കണം - ദൈവത്തിന്റെ സർഗ്ഗക്രമം എന്താണെന്നും എത്ര മഹത്താണെന്നും അറിയാൻ അത് സഹായിക്കും. ഒരു ചെറിയ ടെലസ്കോപ്പ് കയ്യിലുണ്ടെങ്കിൽ ഏറെ നല്ലത്. ടെലസ്കോപ്പിലൂടെ നക്ഷത്രം നോക്കാൻ ഒരു പ്രത്യേക കോണിൽ ടെലസ്കോപ്പ് ചെരിച്ചുപിടിക്കണം. ഭൂമി നക്ഷത്രത്തെ ആധാരമാക്കി ഏതു ദിശയിൽ സഞ്ചരിക്കുന്നുവോ ആ ദിശയിൽ ഒരു കോണിൽ ചെരിച്ചു പിടിക്കണം. ശരീരം നനയാതിരിക്കാൻ നമ്മൾ കുട ചെരിച്ചുപിടിക്കുന്നതുപോലെ! ഇതിന്റെ പേരാണ് ദിക്ഭ്രംശം. ദിക്ഭ്രംശം ഗണി

[illegible]

കല എന്ന് ഒരു ഗോളമണ്ഡലത്തെ [illegible] 'ക'യിൽ ഇരിക്കുന്ന വ്യക്തി കരുതുന്നു [illegible] 'മ'യിലെ [illegible] 'മ'യാണ് [illegible] ഇരിക്കുന്ന വ്യക്തി നേരെ മറിച്ചും വിചാരിക്കുന്നു [illegible] മറ്റു ഗോളമണ്ഡലം [illegible] ഉച്ചമാണെന്നും വിചാരം [illegible] "ഗതി"യും [illegible] മനുഷ്യനും മറ്റുള്ളവരുടെ ചിന്തയും ബുദ്ധിയും [illegible] വിചാരിക്കുന്നില്ലേ? അതുപോലെ [illegible] ഉച്ചമാണെന്നും [illegible] ഗതി ശീഘ്രം [illegible] ഗതി മന്ദം എന്നുതോന്നുന്നു. [illegible] ഭൂമിയിൽ ഇരിക്കുന്ന മനുഷ്യന് [illegible] ഗതി എന്നുതോന്നുന്നു. [illegible] ശനിയുടെ ഗതി ശീഘ്രവും (ഗതി എന്ന വാക്കിന് വേഗം എന്നർത്ഥം) [illegible] (ശനിക്ക് മന്ദൻ എന്നും പേര്) എന്ന് തോന്നുന്നു. പ്രപഞ്ചത്തിന്റെ ഈ "മനോച്ച" ഓരോ വിളിച്ചിരിക്കുന്ന ലീല എത്ര മനോഹരം

മനോച്ചമാം നിന്റെ വിശാലലീലയിൽ
പൊന്തിപ്പാടിയുമീ സൌരജലം (സാഗ്രാനന്ദം)

എന്ന് കൃഷ്ണന്റെ രാസലീലയെക്കുറിച്ച് ഞാൻ കവിതയെഴുതുമ്പോൾ പരമപുരുഷനായ ബ്രഹ്മത്തിന്റെ രാശി മണ്ഡല ലീല കൂടിയാണെന്ന് നിങ്ങൾക്ക് ഇനി മനസ്സിലാവും. ഇല്ലേ? നമ്മൾ ചുറ്റും കാണുന്ന പ്രപഞ്ചമാകെ ഈ മനോച്ച ലീല തന്നെ!

സഞ്ചരിക്കുന്ന ഗോളങ്ങളൊക്കെ ഇടയ്ക്ക് മന്ദമാകും - ഇടയ്ക്ക് ഉച്ചമാകും. അത് ഗ്രഹമായാലും നക്ഷത്രമായാലും പ്രകാശരശ്മിയായാലും ശബ്ദമായാലും! മിനുട്ടിൽ 72 പ്രാവശ്യം കൃത്യമായടിക്കുന്ന പ്രപഞ്ചഘടികാരംപോലെ നമ്മുടെ ഹൃദയഘടികാരവും അടിക്കുന്നതിനുമുണ്ട് മനോച്ചങ്ങൾ! അതും ബ്രഹ്മപ്രകൃതികളുടെ അംശം തന്നെയാണല്ലോ!

4

രൈവതകമനു

ശ്രീകൃഷ്ണൻ ജീവിച്ചിരുന്ന കാലത്ത് അദ്ദേഹത്തിന്റെ തലസ്ഥാനമായ നഗരമായിരുന്നു ദ്വാരക. കൃഷ്ണവർഷം എത്രയാണെന്ന് നിങ്ങൾക്കൊക്കെ അറിയാമല്ലോ. അറിയില്ലെങ്കിൽ ഇപ്പോൾ ഗണിച്ചുനോക്കുക. ഇപ്പോഴത്തെ ക്രിസ്തുവർഷത്തോട് 3104 കൂട്ടുക. അത്രയും വർഷം മുമ്പാണ് ശ്രീകൃഷ്ണൻ സ്വർഗ്ഗാരോഹണം ചെയ്ത് കലിയുഗം ആരംഭിച്ചത്. ശ്രീകൃഷ്ണന്റെ പൂർവ്വികരുടെ കൂട്ടത്തിൽ രൈവതകമനു എന്നൊരു രാജാവുണ്ടായിരുന്നു. അദ്ദേഹത്തിന് രേവതി എന്നൊരു മകളും. രൈവതകമനുവിന്റെ കാലത്ത് ദ്വാരക നിന്നിരുന്ന സ്ഥലത്തിന് കുശസ്ഥലി എന്നായിരുന്നു പേര്.

രൈവതകമനു ഒരിക്കൽ ദേവലോകത്തുപോയി. തനിച്ചല്ല, തന്റെ പുത്രിയോടൊപ്പം. ഒരുദിവസം അവിടെ താമസിച്ച് അദ്ദേഹം തിരിച്ചുവന്നു. തന്റെ പുത്രിക്ക് ഒരു ഭർത്താവിനെ അന്വേഷിക്കാനാണ് വരവ്. തന്റെ നാട്ടിൽ തിരിച്ചെത്തിയ അദ്ദേഹം അത്ഭുതപ്പെട്ടുപോയി. തനിക്കു പരിചിതമായ മുഖങ്ങളില്ല. നാട്ടിന്റെ പേരുതന്നെ മാറി. രൂപവും മാറി. മാത്രമോ, മനുഷ്യരെല്ലാം ആകൃതിയിൽ ചെറുതായിരിക്കുന്നു. കൂട്ടത്തിൽ വലിപ്പം കൂടിയ ബലരാമൻപോലും രേവതിയേക്കാൾ വളരെ ചെറുത്. ഒടുവിൽ രേവതിയെ വലിപ്പം കുറച്ച് ചെറുതാക്കിയിട്ടുവേണ്ടിവന്നു ബലരാമനെക്കൊണ്ടു കല്യാണം കഴിപ്പിക്കാൻ! ഇതുപോലൊരു ചൈനീസ് കഥയുണ്ട്. ഉരോഷിമാ താരോ എന്ന ഒരാൾ സ്വർഗ്ഗത്തിൽപോയി മടങ്ങിവന്ന കഥ. അയാൾക്കും രൈവതകമനുവിന്റെ അനുഭവമുണ്ടായി. ഇതൊരു നുണക്കഥ എന്ന് ആരെങ്കിലും പറഞ്ഞാൽ വിശ്വസിക്കരുത്. ചിലപ്പോൾ നുണക്കഥ എന്നു കരുതുന്നവയിലാവും ഏറ്റവും വലിയ ശാസ്ത്രസത്യം ഇരിക്കുന്നത്.

ഐൻസ്റ്റൈൻ എന്നൊരു ശാസ്ത്രജ്ഞനെക്കുറിച്ച് നിങ്ങൾ കേട്ടിട്ടില്ലേ? 1905ൽ അദ്ദേഹം "ഇരട്ടകളുടെ പാരഡോക്സി" നെക്കുറിച്ച് തന്റെ പ്രബന്ധത്തിൽ പ്രസ്താവിച്ചു. ഇരട്ട എന്നു പറയുമ്പോൾ നമുക്ക് ഓർമ്മവരിക അശ്വിനീകുമാരന്മാരെയാണ് - അമ്മയുടെ വയറ്റിൽനിന്ന് ഒപ്പം പുറത്തുവന്നവർ. ഒരു പുതുവർഷപ്പുലരിയിൽ അവർ തമ്മിൽ പിരിയുന്നു. ഒരാൾ അചഞ്ചലമായി ഒരിടത്തിരുന്ന് തപസ്സ് ചെയ്തു. മറ്റെ ആൾ അനന്തവിസ്തൃതമായ രാശി മണ്ഡലത്തിൽ സഞ്ചാരത്തിന് പോയി. എല്ലാ പുതുവർഷപ്പുലരിയിലും ഓരോ സന്ദേശം അയയ്ക്കാമെന്ന കരാറി

[illegible]

ഇനി ഇരട്ടകളുടെ പാരഡോക്സിനെക്കുറിച്ച് ഐൻസ്റ്റൈൻ [illegible] എഴുതി "ഒരു ജീവി ഒരു പെട്ടിക്കകത്ത് അടക്കപ്പെട്ടു. മറ്റൊന്ന് പുറത്തേക്ക് [illegible] ചെയ്ത് തിരിച്ചുവന്നു. രണ്ടാമത്തെ ജീവിയിൽ യാതൊരു മാറ്റവുമില്ല. ആദ്യത്തെ ജീവി പെട്ടിക്കകത്ത് അനേകം പുതിയ തലമു[illegible]കളെ ജനിപ്പിച്ച് ആകെ രൂപം മാറിക്കഴിഞ്ഞു. പുറത്തേക്കു സഞ്ചരിച്ച ജീവിക്ക് താൻ സഞ്ചാരം ചെയ്ത നീണ്ട കാലം ഒരു മുഹൂർത്തം മാത്രമാണ്! കാരണം അതിന്റെ ചലനം പ്രകാശവേഗതയിലാണ്!"

ഇതാണ് ഐൻസ്റ്റൈന്റെ കഥയുടെ സാരം. ഇതുപോലെ മറ്റൊരു പാരഡോക്സാണ് തച്ചന്റെ മുഴക്കോലിന്റെ പാരഡോക്സ് - തച്ച[illegible] എന്നു കേട്ടിട്ടില്ലേ? പെരുന്തച്ചൻ എന്നു മഹാനായ ഒരാൾ വരരുചിയുടെ [illegible] പുത്രനായി കേരളത്തിൽ ജീവിച്ചിരുന്നതായി നിങ്ങൾക്കൊക്കെ അറി[illegible]യില്ലേ? പെരുന്തച്ചൻ പണിഞ്ഞ പാലം, പെരുന്തച്ചന്റെ "പണിമുടിയാത്ത [illegible] പണിയൂർ പെരും തൃക്കോവിൽ," പെരുന്തച്ചന്റെ കയ്യിൽനിന്ന് അറിയാതെ [illegible] ഉളി ഉതിർന്നുവീണ് അദ്ദേഹത്തിന്റെ മകൻ മരിച്ച സ്ഥലമെന്ന് കരുതപ്പെടു[illegible]ന്ന ഉളിയന്നൂർ ക്ഷേത്രം-അതൊക്കെ ഇപ്പോഴും കേരളത്തിൽത്തന്നെ ഉണ്[illegible] പണിമുടിയാത്ത ക്ഷേത്രത്തിൽ പെരുന്തച്ചൻ തിരുകിവെച്ചിട്ടുപോ[illegible] മുഴക്കോല് കാണാം. മുഴക്കോല് ആശാരിയുടെ അളവുകോലാണ്[illegible] സംസ്കൃതത്തിൽ "മാനദണ്ഡം" - അതുവെച്ചാണ് ശില്പി ത്രിമാനമുള്[illegible] ദേശത്തെ (Space) അളക്കുന്നത്. ത്രിമാനമുള്ള ദേശത്തിൽത്തന്[illegible] ചതുർമാനമായ കാലവും ഇരിക്കുന്നതിനാൽ ദേശത്തെ അളക്കുമ്പോ[illegible] കാലവും അളക്കാം എന്നാണ് സങ്കല്പം.

സ്കൂളിൽ "പോൾവാൾട്ട്" ചാടുമ്പോൾ കയ്യിൽ ഒരു നീണ്ട [illegible] [illegible]ണ്ടിട്ടില്ലേ? അതുപോലെ, കാലദേശങ്ങളുടെ മതില് ചാടിക്കടക്കാൻ [illegible] [illegible]പയോഗിക്കുന്ന ഒരു വടിയായി മുഴക്കോലിനെ ഒന്നു സങ്കല്പിച്ചു[illegible] [illegible]ക. നേരത്തെ ഒരു സിലിണ്ടർ (കുഴൽ) ഒരു ഭ്രമണവൃത്തമാണെന്[illegible] [illegible]ളക്ഷേത്രം അതിലൂടെ സഞ്ചരിക്കുന്നു എന്നും പറഞ്ഞത് ഓർമ്മ[illegible]

[illegible]



[illegible]ചതുരത്തിൽ നീളത്തിൽ (Horizontal) തന്റെ മുഴക്കോലു പിടിച്ച് [illegible]ഒന്നിന് ഒറ്റ അറ്റത്തേക്ക് പ്രകാശവേഗതയിൽ ഓടി ദേശകാ[illegible]ങ്ങളുടെ മാനം തന്റെ മുഴക്കോലുകൊണ്ട് അളക്കാനുള്ള ശ്രമത്തിലാണ്.

തച്ചന്റെ ശ്രമം നിരീക്ഷിച്ചുകൊണ്ട് കാലഗണകനായ ജ്യോതിഷി [illegible]ഇരിക്കുന്നുണ്ട്. അയാൾ ഇരിക്കുന്നത് ഗുരുത്വമുള്ള ഭൂമിയിലല്ല [illegible]മറ്റൊരു പ്രകാശഗോളത്തിലാണ്. ഭൂമിക്ക് പ്രകാശം തരുന്ന സൂര്യനിൽ [illegible]ഇരിക്കുന്ന ഹിരണ്മയനായ സൂര്യനാരായണൻ എന്നു വേണമെങ്കിൽ [illegible]സങ്കല്പിക്കാം. ജ്യോതിഷി വിചാരിക്കയാണ് - 'ഈ തക്ഷൻ പ്രകാശ[illegible]വേഗതയിൽ ഓടാൻ നോക്കുമ്പോൾ ഇയാളുടെ അളവുകോലിന് [illegible]സങ്കോചം സംഭവിക്കും. ആ സമയത്ത്, ആലയുടെ രണ്ടു വാതിലും ഒന്നി[illegible]ച്ചടച്ചാൽ അയാൾ ആലയുടെ ഉള്ളിൽ തടവുകാരനാവും.'

അങ്ങനെ മനുഷ്യൻ കാലദേശങ്ങളുടെ പരിമിതികളുള്ള സംസാ[illegible]രത്തിൽ തടവുകാരനായിപ്പോകുന്നു. ഇവിടെ ഇരുന്ന് തന്റെ ബുദ്ധിയുടെ [illegible]മുഴക്കോലുകൊണ്ട് പ്രകാശവേഗതയെ അളക്കുമ്പോൾപോലും അതിന്റെ [illegible]വേഗത കുറയുന്നതായി അവന് അനുഭവപ്പെടുന്നു. ഇതിന്റെ പേരാണ് [illegible]ലോറൻസ് ട്രാൻസ്ഫോർമേഷൻ.

തച്ചൻ ജ്യോതിഷിയുടെ മനസ്സിലിരുപ്പ് അറിയുന്നുണ്ട്. അയാൾ [illegible]വിചാരിക്കയാണ്. "ആപേക്ഷികതാസിദ്ധാന്തപ്രകാരം ആലയുടെ നീളം [illegible]സങ്കോചിക്കുമ്പോൾ, എന്റെ മുഴക്കോലിന്റെ നീളം കൂടും-അതിന്റെ [illegible]അറ്റങ്ങൾ ഇരുവാതിലുകളിൽക്കൂടി തുറിച്ച് പുറത്തേയ്ക്കു നിൽക്കും. [illegible]അതിനാൽ രണ്ടുവാതിലും അടച്ച് എന്നെ നിരന്തരം തടവിലാക്കുക എന്ന[illegible]തും ഒരിക്കലും നടപ്പില്ല." അതിനാൽ, അവൻ ഒരിക്കലും അടിമയാ[illegible]യ നിത്യമുക്തി മാർഗ്ഗത്തിൽ നിരന്തരസഞ്ചാരം ചെയ്യുന്ന ഒരു ജ്യോ[illegible]തിയുടെ കണമായി സൂര്യനാരായണനിൽത്തന്നെ ലയിക്കുന്നു. കാലപു[illegible]ൻ ആലയുടെ സങ്കോചങ്ങൾകൊണ്ടും വാസ്തുപുരുഷൻ മുഴക്കോലിന്റെ

ആപേക്ഷികവികാസംകൊണ്ടും അവനവന്റെ വിജയം സുനിശ്ചിതമാണെന്ന ആത്മവിശ്വാസത്തോടെ നിരന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പ്രതിഭാസമാണ് ഈ പ്രപഞ്ചം. അതുകൊണ്ടാണ് "സങ്കോചവികാസരൂപിണീ പ്രകൃതി" എന്ന് തന്ത്രകാരന്മാർ ഇതിനെ വിളിച്ചത്. വാസ്തു പുരുഷൻ, കാലപുരുഷൻ എന്ന "സയാമീസ് ഇരട്ട"കളെപ്പോലെ അർദ്ധനാരീശ്വരന്മാരായിരിക്കുന്ന അശ്വിനീകുമാരന്മാരുടെ പാരഡോക്സ് ഇപ്പോൾ മനസ്സിലാവുന്നുണ്ടോ? ഒന്നല്ലാതെ രണ്ടില്ല എന്ന് മനസ്സിലാവുന്നുണ്ടോ? സംസാരം, നിർവ്വാണം എന്ന് രണ്ടായി തിരിക്കാനാവാത്ത അവസ്ഥയെക്കുറിച്ച് അദ്വൈതിയുടെ നിലപാടും ഇതാണ്. ഒരുപക്ഷെ, ഇപ്പോൾ നിങ്ങൾക്കത് പൂർണ്ണമായി മനസ്സിലായില്ലെങ്കിലും പിന്നീട് മനസ്സിലായിക്കൊള്ളും എന്ന ഉറപ്പ് എനിക്കുണ്ട്. ഞാനും നിങ്ങളുടെ പ്രായം കഴിഞ്ഞ് തന്നെയാണല്ലോ, ഇന്നത്തെ ഞാനായത്.

5

പാണന്റെ പാട്ട്

നിങ്ങളൊക്കെ സ്കൂളിൽ എണ്ണാൻ പഠിച്ചത് എങ്ങനെയാണ്? ഞാൻ കുട്ടിയായിരുന്നപ്പോൾ എന്നെ പഠിപ്പിച്ചത് 1,2,3,4.... എന്ന് ക്രമത്തിൽ എണ്ണാനാണ്. പക്ഷേ, ഇപ്പോൾ ഞാൻ എണ്ണുന്നത് 0,1,2,3,4... എന്ന ക്രമത്തിലാണ്. സ്വാഭാവിക സംഖ്യകളുടെ മുന്നിൽ പൂജ്യം ചേർക്കണമെങ്കിൽ, ഒരു ജനത അതിന്റെ വിജ്ഞാനത്തിന്റെ പരകോടിയിൽ എത്തിയിരിക്കണം എന്ന് ബെർട്രന്റ് റസ്സൽ എന്ന പ്രസിദ്ധനായ ചിന്തകൻ എഴുതിയിട്ടുണ്ട്. നമ്മുടെ പൂർവ്വികരായ ഭാരതീയരാണ് ഇത് ആദ്യമായി ചെയ്തതെന്ന് നിങ്ങൾക്കെല്ലാവർക്കും അറിയാമല്ലോ.

ഒന്ന്, രണ്ട്, എന്ന് എണ്ണുമ്പോൾ നാം പ്രഥമം അഥവാ പ്രധാനം എന്ന സാംഖ്യമതപ്രകാരമാണ് എണ്ണുന്നത്. പൂജ്യം, ഒന്ന്, രണ്ട് എന്ന് എണ്ണുമ്പോൾ വേദാന്തിയുടെ ബ്രഹ്മത്തിൽനിന്നാണ് തുടക്കം.



ഇങ്ങനെയാണ് അതെഴുതുക. ഏകത്തിൽ നിന്നുണ്ടായ അനേകം കത്തിന്റെ ഗുണങ്ങളോടുകൂടിയിരിക്കും. അതുകൊണ്ടാണ് സർവ്വചരാ ങ്ങളും ഈശ്വരഗുണങ്ങളുള്ളവയാണെന്ന് പറയുന്നത്. മാതാപിതാ ളുടെ ജീൻ കുഞ്ഞുങ്ങളിൽ കാണാതിരിയ്ക്കുമോ? ഏകമായ ഈശ്വ ന് നാം അനേകം രൂപങ്ങളും നാമങ്ങളും കൊടുക്കുന്നതിലെ യുക്തി സ്സിലാവുന്നുണ്ടോ? വിഷ്ണു, ശിവൻ, സുബ്രഹ്മണ്യൻ, ദേവി, കർ വ്, അള്ളാ - ഏതുരൂപത്തിൽ സങ്കല്പിച്ചാലും ഏതുനാമത്തിൽ ച്ചാലും "ഒന്ന്" ഒന്നുതന്നെ! സഹസ്രനാമങ്ങളും സഹസ്രരൂപങ്ങളും ത്തിന് കൊടുക്കുന്നത് സർവ്വചരാചരങ്ങളിലും ഈശ്വരചൈതന്യ ്, അതുകൊണ്ട് എല്ലാറ്റിനോടും സഹിഷ്ണുതയോടെ പെരുമാറണം തുകൊണ്ടാണ്. സത്യത്തിന്റെ ആപേക്ഷികതയെക്കുറിച്ച ഭാര രുടെ ശാസ്ത്രബോധമാണ് അതിന്റെ പിന്നിലുള്ളത്.

സത്യത്തെ ഗ്രഹിക്കാൻ മനുഷ്യർ രണ്ടുമാർഗ്ഗം അവലംബിയ്ക്കുന്നു. വിവേകം, യുക്തി (Rational), ജ്ഞാനം

[illegible]

ധർമ്മം ചെയ്യുന്നവരായതുകൊണ്ട് അവരെ ഭാഗവതർ എന്നും പറ[illegible]
രുന്നു. അതായത്, സംഘകാലത്തെ പാണൻ തന്നെയാണ് ഭാഗവ[illegible]
തിങ്ങളിൽ വടക്കൻപാട്ടുകൾ വായിച്ചവർ ഉണ്ടോ? ഇല്ലെങ്കിൽ [illegible]
ആരോടോ അച്ഛനോടോ മറ്റു മുതിർന്നവരോടോ പറഞ്ഞ് വടക്ക[illegible]
പാട്ടുകളുടെ കഥകൾ വായിക്കണം. അപ്പോൾ കേരളത്തിലെ പാണ[illegible]
പ്പറ്റി അറിയാം. രാജാക്കന്മാരെപ്പോലും അവർ കീർത്തനം പാടു[illegible]
ക്കന്മാരാണെങ്കിൽ പാണൻ എന്നു വിളിച്ചിരുന്നു. തിരുവാങ്കൂ[illegible]
പാണനാർ ഒരു ചേരരാജാവായിരുന്നു. കാക്കൈപ്പാടിനിയാർ എന്ന [illegible]
പ്രസിദ്ധ കവയത്രി സംഘകാലത്തുണ്ടായിരുന്നു. അവരുടെയൊ[illegible]
പിൻഗാമികളെയാണ് നമ്മൾ ഇന്ന് പാണരെന്ന് വിളിയ്ക്കുന്നത്.

എന്റെ കുട്ടിക്കാലത്ത് ഞങ്ങളുടെ നാട്ടിൻപുറം സംഗീതമ[illegible]
യിരുന്നു. "ആരോമൽച്ചേകവരേം പിടിച്ചിട്ടും

അരമുഴം നീങ്ങീലാ പുൽച്ചേരി"

എന്നും

"കാട്ടിയുഷസ്സൊരു മൈലാഞ്ചിക്കൈ
കാക്ക കരഞ്ഞു തെന്മാവിൽ
താമസമെന്തിനിയമ്മാളു കൺ-
താമരവല്ലി തുറന്നോളൂ."

എന്നും ഇടശ്ശേരിയുടേയും വൈലോപ്പിള്ളിയുടേയും കവി[illegible]
നീട്ടിപ്പാടിത്തരും അച്ഛൻ. അക്ഷരശ്ലോകങ്ങൾ പാടിത്തരും അമ്മ[illegible]

[illegible]

[illegible]

എന്ന് തുയിലുണർത്തലിനൊന്നു ചിങ്ങമാസത്തിൽ...

"കുട്ടിക്കുറ്റാവൻ പറഞ്ഞ പൊട്ടി

പിടുക്കാം തുക്ക് പിടിച്ചുവല്ലേ"

എന്ന് പൊട്ടിയെ ആട്ടി ശ്രീഭഗവതിയെ കുടിവെയ്ക്കാൻ കർക്കിടകത്തിൽ.

ഓണത്തിന് ഊണു കഴിഞ്ഞ്

"നേന്ത്രപ്പഴത്തോട് മല്ലടിച്ച്

കൊന്തപ്പല്ലൊക്കെ കൊഴിഞ്ഞുപോയി"

എന്ന് തരിച്ചുപാടണം. കൃഷ്ണാട്ടം കളിയിൽ പുള്ളുവപ്പാട്ടുപോലെ "കണ്ണനാമുണ്ണി" പാടിക്കളിക്കണം വിളക്കിച്ചാൻ പാട്ടുപാടണം. ഇതൊക്കെ ഞങ്ങളുടെ കുട്ടിക്കാലത്തെ പതിവുകളാണ്. അന്നാത്തെയിലെ അങ്കം പൂരത്തിലും മുറ്റത്തുമായി ഞങ്ങളുടെ കൈകൊട്ടിക്കളിയും പാട്ടും ഉണ്ടാവും. പയ്യന്നൂരിൽ നിന്ന് തത്തേടത്തിയും കണ്ണത്തെ കല്യാണിയമ്മയും കൊച്ചുവമ്മയും ചിന്നുഅമ്മയും ഒക്കെ പാട്ടുകാരിൽ പ്രമുഖരായിരുന്നു. അവർക്കിടയിൽ താന്താങ്ങളുടെ കഴിവിനെച്ചൊല്ലി ഒരു കിടമത്സരം തന്നെ ഉണ്ടായിരുന്നുവോ? "എവിടുന്ന് എവിടുന്ന് വരുന്നു തത്തേ

പയ്യന്നൂരാലിൻ ചുവട്ടിൽ നിന്ന്..."

എന്ന് തത്തേടത്തിയെ കളിയാക്കി താണു കൈകൊണ്ടുള്ള കണ്ണത്തമ്മമാരുടെ ചുവടുവയ്പ്പ് ഓർക്കുമ്പോൾ എനിക്ക് തോന്നുകയാണ്.

കൈകൊട്ടിക്കളി അവസാനിക്കാറാവുമ്പോൾ എല്ലാ സ്ത്രീകളും [illegible] ച്ചിട്ട് കൈകോർത്തു പിടിച്ച് ഒരു പ്രത്യേകതരം കളിയുണ്ട്- ഒരു [illegible] ന്നൈക്യത്ത്-അതിന്റെ പാട്ട് ഇങ്ങനെയാണ്.

മയിലൊളുടണ മാമലയിൽച്ചന്നു

[illegible]

[illegible]

ഈ കളികളും പാട്ടുകളും നൃത്തങ്ങളും [illegible]
[illegible] ഇതിഹാസത്തിൽ "ഇരുകോലങ്ങൾ" എന്ന [illegible]
[illegible]
[illegible]
[illegible]
ഈ തനിമകൾ, - ഈ നാടൻ പാട്ടുകളും കലാരൂപങ്ങളും ഇന്ന് [illegible]
കുട്ടികളും സ്ത്രീകളും ഒക്കെ ഒന്നിച്ചുചേർന്ന് സംഗീതസാന്ദ്രമാക്കിയ
[illegible] ജീവിതത്തിന്റെ നിമിഷങ്ങൾ [illegible]
[illegible] സ്വാതന്ത്ര്യം കിട്ടി [illegible]
നമ്മൾ [illegible] ടി.വി.യുടെ മുമ്പിലിരുന്ന് [illegible]
കാണാനുള്ള എന്തോ ഒന്ന് മാത്രമാക്കിത്തീർത്തു. [illegible]
[illegible] കള്ള് കുടിക്കാനും [illegible] കാണിക്കാനും, [illegible]
[illegible] കയറിയിറങ്ങാനും, ടി.വി.യിൽ ആസ്വദിക്കാനും മാത്ര
[illegible] മാറിക്കൊണ്ടിരിക്കയാണ് ഇന്ന്.

കുട്ടികളും സ്ത്രീകളും ചേർന്ന് കൈകൊട്ടിക്കളി കഴിയുമ്പോഴേക്ക്
പാണന്മാരുടെ സംഘം വരും. എളിയതൊട്ടിന് തെക്കുഭാഗത്തുള്ള വീ
കളിലേയ്ക്ക് ചീരുവും സംഘവും, വടക്കുള്ള വീടുകളിലേയ്ക്ക് ക
യും സംഘവും എന്ന് രണ്ടായി പിരിഞ്ഞിട്ടാണ് അവർ വരിക. [illegible]
[illegible] ഇരുകൂട്ടരും ഒന്നായിച്ചേർന്നു കളിച്ചശേഷമാണ് ഈ [illegible]
രിവ്. നാലപ്പാട്ടും അമ്പാഴത്തയിലും ചീരുവിന്റെ സംഘത്തിനായിരു
അവകാശം. കുന്നത്തൂർ എന്റെ അച്ഛന്റെ വീട്ടിൽ കുട്ടായയുടെ സംഘ
പതിവ്. ചീരുവിന്റെ സംഘം പാടുന്നതിൽ അതിവിദഗ്ദ്ധമായിരുന്നു. [illegible]
പാട്ടിൽ വലിയ താല്പര്യം കാട്ടാറില്ല. കളിയിൽ ചില തരികിട
കാട്ടി കാണികളെ രസിപ്പിക്കാനായിരുന്നു അദ്ദേഹത്തിന്റെ താല്പ
ചീരുവിന്റെ സംഘത്തിൽനിന്ന് കൃഷ്ണനെ കുട്ടാട തട്ടെടുത്ത് [illegible]
ഏക മകളെ വിവാഹം കഴിപ്പിച്ചശേഷം അച്ഛന്റെ വീട്ടിൽ വരു
സംഘത്തിൽ എപ്പോഴും കൃഷ്ണൻ ഉണ്ട്. കൃഷ്ണൻ ചീരുവിന്റെ
സംഘക്കാരനാകയാൽ പാട്ടിൽ സമർത്ഥനാണ്.

"കൃഷ്ണാ ജനാർദ്ദനാ വൃഷ്ണി കുലോത്തമാ" എന്ന [illegible]
കൃഷ്ണൻ നന്നായി പാടും. ഇപ്പോൾ അദ്ദേഹത്തിന് പ്രായമായി, [illegible]
ഇടറുന്നുണ്ട്. എന്നാലും പഴയ ഉടുക്കും കൊണ്ട് ഇന്നും [illegible]
ഓണക്കാലത്ത് പാടാൻ വരുന്നു. കുട്ടിക്കാലത്തെ ഓണങ്ങളുടെ [illegible]
ർജിയ പടർത്തിക്കൊണ്ട് ഇടറിയ സ്വരത്തിൽ ഉടുക്കുകൊട്ടി പാ
ഷ്ണനെ കാണുമ്പോൾ ഞാൻ സംഘകാല തമിഴകത്തെ [illegible]
ജ്യത്തിന്റെ വംശനാശം സംഭവിക്കുന്ന ഒരു വർഗ്ഗത്തെയാണ് [illegible]

നമതന്ന ഓർമ്മ എന്നെ സങ്കടപ്പെടുത്തുന്നു. ഒരുപക്ഷെ, കൃഷ്ണനു ശേഷം ആ കുടുംബത്തിൽ ഒരാളും രണ്ടായിരം കൊല്ലം പഴക്കമുള്ള ഈ ചിട്ട നിലനിർത്തണമെന്ന വിചാരത്തോടെ ഈ ചടങ്ങ് നടത്തി എന്നു വരില്ല. നടത്തണമെന്ന് പറയാൻ നമുക്കാർക്കും അവകാശവുമില്ല. "പാടുന്ന"പാണന്റെ വാരിശുകൾ നമുക്ക് ഇല്ലാതാവുകയാണ് എന്നു പറയാനാവില്ല. "ഭാഗവതധർമ്മ''വുമായി കീർത്തനം പാടുന്ന അനേകം പേർ നമുക്കിടയിലുണ്ട്. അവരെ നാം പാണന്മാരെന്നു വിളിക്കുന്നില്ല. അവർ നമ്മുടെ വീട്ടുമുറ്റത്തുവന്ന്നമ്മെ ആനന്ദിപ്പിക്കുവാൻ പാടുന്നുമില്ല. പാട്ട് ജനമദ്ധ്യത്തിൽ നിന്നും വീട്ടുമുറ്റത്തുനിന്നും സഭകളിലേയ്ക്കും വേദികളിലേയ്ക്കും ചുവടുമാറ്റി.

ലീല

പ്രപഞ്ചം ഭഗവാന്റെ ലീലയാണ് എന്ന് മുതിർന്നവർ പറയുന്നതു കേട്ടിട്ടുണ്ടാവും. ലീല എന്നുവെച്ചാൽ കളി. നിങ്ങൾ കുട്ടികൾ ആനന്ദത്തോടെ കളിക്കുന്നു. മറ്റൊരു വിചാരവും ഇല്ല - കളിയിലുള്ള ആനന്ദം മാത്രം. അതുപോലെ നിഷ്കളങ്കതയിൽ, ശിശുതുല്യമായ ഭഗവാനും കളിക്കുന്നു; പരമാനന്ദത്തോടെ കളിക്കുന്നു. ആ ആനന്ദലീലാമയമാണ് പ്രപഞ്ചം.

കളിയിലും ചില നിയമങ്ങളൊക്കെ ഉണ്ട് എന്ന് നിങ്ങൾക്കറിയാമല്ലോ - ഒരു നിയമവും ഇല്ലാത്ത ഒരു കളിയില്ല. നിയമമില്ലാത്ത കളിയെ നിങ്ങൾ "കള്ളക്കളി" എന്ന് വിളിക്കില്ലേ? പ്രപഞ്ചലീലയിലും ഉണ്ട് ചില നിയമങ്ങൾ. ഈ നിയമങ്ങൾ ഗണിതത്തിലും, ജ്യോതിഷത്തിലും, വാസ്തുശാസ്ത്രത്തിലും, വ്യാകരണത്തിലും ഒക്കെയുണ്ട്. പക്ഷെ, അതൊന്നും പെട്ടെന്ന് കുട്ടികളെ പറഞ്ഞുമനസ്സിലാക്കാനാവില്ല എന്നു കണ്ട നമ്മുടെ മുതുമുത്തശ്ശന്മാർ അവർക്കു മനസ്സിലാകുന്ന വിധത്തിൽ ഒരു കളി ഉണ്ടാക്കി. ആ കളിയുടെ പേരാണ് "ലീല" - വടക്കെ ഇന്ത്യയിൽ ഇതിനെ ജ്ഞാൻ ചൌപ്പട് (ജ്ഞാനചതുരംഗം) എന്നുപറയും. ശ്രീകൃഷ്ണനും രാധയും തങ്ങളുടെ പൂർവ്വജന്മത്തിൽ ദത്താത്രേയനും ലീലയും ആയിരുന്നു. ദത്താത്രേയ പത്നിയായ ലീലയുടെ പേരാണ് ഈ കളിക്ക് ... ഒരുതരം മാന്ത്രികചതുരമാണ്. പ്രസിദ്ധനായ ഗണിതജ്ഞൻ ശ്രീനിവാസരാമാനുജൻ മാന്ത്രികചതുരങ്ങളുടെ ഗണിതക്കളിയിൽ വിദഗ്ധനായിരുന്നു.

ഇന്നും "ലീല" എന്ന ജ്ഞാനചതുരംഗക്കളം ഉണ്ട്. നിങ്ങൾ ഏണിയും പാമ്പും കോണിയും എന്നൊരു കളി കളിച്ചിട്ടില്ലേ? അതു തന്നെയാണ് 'ലീല'. ഇന്ന് അതിൽ 64 കള്ളികളും നാഗങ്ങളും ഏണികളുമാണ് കാണുക. പണ്ട് 72 കള്ളികളും നാഗങ്ങളും അസ്ത്രങ്ങളുമായിരുന്നു.

ഒരു വശത്ത് 8, മറുവശത്ത് 9 കള്ളികൾ വീതം 8 x 9 = 72 ചതുരങ്ങളാണ് ലീലയിൽ ഉള്ളത്. 9 കള്ളികൾ നവദ്വാരപുരമായ ശരീരം, നവഗ്രഹങ്ങളോടുകൂടിയ സൗരയൂഥം, നവനക്ഷത്രങ്ങളോടുകൂടിയ രാശിഭാഗം എന്നിവയെ കാണിക്കുന്നു. എട്ടുകള്ള...

[illegible]

...ന്ദ്രത്തെയും നീട്ടി. അഷ്ടദളപത്മമാക്കി. ഓരോന്നിൽ നിന്നും 8 ദീർഘചതുരം വരയ്ക്കുക. ഓരോ ദീർഘചതുരവും 72 വശമുള്ള ഒരു കൃതി ആണ്.



ഇതിന്റെ പ്രസ്താരമാണ് 72 കള്ളികളുള്ള ചതുരംഗക്കളം അത...
സമതം 360 ഡിഗ്രിയുള്ള ഒരു വൃത്തവും ആണ് അത്.

72 × 5 = 360° (കർണ്ണാടസംഗീതത്തിൽ 72 കള്ളികൾക്കുമായി ...
മേളകർത്താരാഗങ്ങളുണ്ട്. നമ്മുടെ ഹൃദയം മിടിക്കുന്നത് മിനുട്ടിൽ ...
പ്രാവശ്യമാണ്. ഓരോ മിടിപ്പും ഒരു രാഗം) ഒരു ഡിഗ്രി സഞ്ചരിക്കാ...
72.2 വർഷം എടുക്കുന്ന ഒരു വസ്തു 360° സഞ്ചരിക്കാൻ 25992 വർ...
എടുക്കും. ഇതാണ് ഇപ്പോൾ നമ്മൾ പ്രിസിഷൻ ഓഫ് ഇക്വിനോക്...

[illegible]

1729 [illegible]

ഇനിയിപ്പോൾ ഞാൻ രണ്ടുകഥകൾ പറയാൻ പോവുകയാണ്. [illegible] ശ്രീനിവാസ രാമാനുജന്റെ കഥ, മറ്റേത് [illegible] ഹോയ്ൽമാൻ എന്ന [illegible] ശാസ്ത്രജ്ഞന്റേത് - ഇതുവരെ പറഞ്ഞ [illegible] കളോട് അവരുടെ കഥകൾ ചേർത്തുവച്ച് വായിക്കുക. ചില എന്ന [illegible]

ശ്രീനിവാസ രാമാനുജന്റെ കഥ : ഒരിക്കൽ ശ്രീനിവാസരാമാനുജൻ [illegible] ആശുപത്രിയിൽ കിടക്കുകയാണ്. അദ്ദേഹത്തെ കാണാൻ [illegible] ഹാർഡി ചെന്നു. [illegible] ഹാർഡി പറഞ്ഞു, താൻ വന്ന ടാക്സി കാറിന്റെ നമ്പർ ഒരു [illegible] 1729. ഉടനെ രാമാനുജൻ പറഞ്ഞു, [illegible] [illegible] സംഖ്യയാണ് [illegible] ഏറ്റവും ചെറിയ സംഖ്യയാണ് എന്ന്. ഹാർഡി അത്ഭുതപ്പെട്ടുപോയി.

$10^3+9^3=12^3+1^3$

എന്നും

$7\times13\times19=7\times247$ എന്നും ഇതിനെ എഴുതാം.

$7\times13\times19$ എന്നുവച്ചാൽ [illegible] ആണെന്ന് നിങ്ങൾക്കറിയാമല്ലോ.

ഹോയ്ൽമാന്റെ കഥ :- ഒരിക്കൽ ഞാൻ ഹോയ്ൽമാന്റെ ആത്മകഥ വായിക്കുകയായിരുന്നു. നോബൽ സമ്മാനം നേടിയ ലോകപ്രശസ്തനായ ആസ്ട്രോഫിസിസിസ്റ്റ് ആണ് ഹോയ്ൽമാൻ. പക്ഷേ, അമേരിക്കൻ [illegible] ത്രജ്ഞന്മാരുടെ അറിവുകളെ മുഴുവനായി പുച്ഛിച്ചുതള്ളാനുള്ള ബുദ്ധി (ബുദ്ധിയോ ബുദ്ധിശൂന്യതയോ) നമ്മുടെ നാട്ടിലെ ബുദ്ധിജീവികളെപ്പോലെ അദ്ദേഹത്തിന് വന്നിട്ടില്ല. അദ്ദേഹം മായൻ സംസ്കാരാവശിഷ്ടമായ ഡ്രെസ്ഡൻ കോഡക്സിൽ താൻ നിരീക്ഷിച്ച ചില കാര്യങ്ങൾ ആത്മകഥയിൽ എടുത്തുപറയുന്നുണ്ട്. അവയിലൊന്ന് ശുക്രന്റെ [illegible] കാശം തന്നിരിക്കുന്നു എന്നതാണ്. ശുക്രന്റെ ഭ്രമണകാലം, അതിന്റെ

[illegible]

[illegible] ഗുണിച്ചാൽ 1729 കിട്ടുമെന്നും എനിക്കറിയാം. മൂന്നാമതായി 1729 എന്ന [illegible] അറിയാം. പിന്നെ എന്തു [illegible] ഗുണകാങ്കം എന്തി[illegible] പറയാൻ ഉണ്ടാവുക? അത് [illegible] യുഗഗണനയോട് ബന്ധപ്പെട്ടതാണ്. ഇന്ത്യക്കാരുടെ യുഗഗണനയോടു ബന്ധപ്പെട്ടതാണ്. [illegible] ആദിമഗോത്രവർഗ്ഗക്കാരുടെ [illegible] വെളിവാണ്.

"ഹാ - ഒരു നിമിഷത്തിൽ ഫെയ്മാൻ കണ്ടെത്താത്ത കാര്യം ഞാൻ കണ്ടെത്തിയല്ലോ" എന്ന് അഭിമാനിക്കാൻ എനിക്കാവുമോ? ഇല്ല-[illegible]ലാണ് ഞാൻ ഫെയ്ൻമാന്റെ പുസ്തകം വായിച്ചത്. 1975ലാണ് ഞാൻ ഗണിതത്തിലും ജ്യോതിഷത്തിലും ഗവേഷണമാരംഭിച്ചത്. അതായത് 22 വർഷം നിരന്തരം പ്രയത്നിച്ച് സ്വന്തമായി വായിച്ചും പഠിച്ചും നേടിയ അറിവിന്റെ ഓർമ്മകൊണ്ടാണ് ഒറ്റ നിമിഷം കൊണ്ട് ഒരു വെളിപാടു ണ്ടായത്. താൻ പാതി ദൈവം പാതി എന്നു കേട്ടിട്ടില്ലേ! അതുപോലെ പ്രയത്നം വേണം. നിരന്തരമായ നിരീക്ഷണം വേണം. ഏകാഗ്രമായ ധ്യാനം വേണം. ഇതൊക്കെയുണ്ടെങ്കിൽ ഇത്തരം അനേകം മുഹൂർത്തങ്ങളിൽ കണ്ടുപിടുത്തങ്ങളുടെ സ്വാനുഭൂതിയും ആനന്ദവു[illegible] നമുക്ക് ഉണ്ടാവും. നമ്മുടെ കൊച്ചു കൊച്ചു ജീവിതങ്ങളിൽ അവയെക്കാൾ മഹത്തായി മറ്റൊന്നുമില്ല. പണത്തിനോ പ്രശസ്തിക്കോ അവാർഡുകൾക്കോ ഒന്നുംതന്നെ അത്തരം മുഹൂർത്തങ്ങളുടെ ആനന്ദം നേടിത്ത[illegible]നാവില്ല. നിങ്ങൾക്കെല്ലാവർക്കും ആ ആനന്ദം ഉണ്ടാവട്ടെ എന്നാണ് എ[illegible] ആശംസ. പുതിയൊരു കണ്ടുപിടുത്തത്തിന്റെ ആഹ്ലാദലഹരിയി[illegible] "യുറേക്കാ" ആർത്തുവിളിക്കാനുള്ള ഭാഗ്യം നിങ്ങൾക്ക് ഉണ്ടാവട്ടെ! [illegible] ലീലയുടെ പരമാനന്ദം ശാശ്വതമാണ്!!

7 ഹൈന്ദവം, സൈന്ധവം

എന്റെ പ്രിയപ്പെട്ട കുട്ടികളെ,

[illegible] ഹിന്ദു, ഹൈന്ദവം, ഹിന്ദുത്വം മുതലായ വാക്ക [illegible] പത്രങ്ങളിൽ, വാരികകളിൽ, [illegible] കൾ ടിവിയിലും കേൾക്കുന്നുണ്ടാവും [illegible] വിദ്യാലയങ്ങളിൽ, രാഷ്ട്രീയ പ്രസംഗങ്ങളിൽ, [illegible] "മതം" എന്ന [illegible] നിങ്ങളെ സ്കൂളിൽ ചേർക്കാൻ കൊണ്ടുപോകുമ്പോൾ നിങ്ങളുടെ മാതാപിതാ [illegible] കോളത്തിൽ ഹിന്ദു എന്ന് എഴുതേണ്ടിവരും [illegible] ചിലർ മതം മാറി മറ്റു മതങ്ങളിലേയ്ക്ക് [illegible] ഹിന്ദുമതത്തിൽ നിന്ന് [illegible] വായിക്കുന്നുണ്ടാവും. മറ്റുള്ളവർ പറയു [illegible] എന്ന വാർത്തകൾ [illegible] ചിലർ "ഞാൻ എന്തുകൊണ്ട് ഒരു ഹിന്ദു [illegible] കേൾക്കുന്നുണ്ടാവും. മറ്റു ചിലർ "ഞാൻ എന്തുകൊണ്ട് [illegible] ല്ല" എന്ന് പുസ്തകം എഴുതുന്നു. ചിലർ ഹിന്ദുമതത്തെ [illegible] ഒരു ഹിന്ദുവാണ്" എന്ന് പുസ്തകമെഴുതുന്നു. ഇതൊക്കെ കണ്ടും [illegible] ചിലർ വാനോളം പുകഴ്ത്തുന്നു. [illegible] വിവിധ സംശയങ്ങൾ ഉണ്ടാവുക [illegible] വളരുന്ന കുട്ടികൾക്ക് വിവിധ സംശയങ്ങൾ [illegible] സ്വാഭാവികമാണ്. കുട്ടികൾക്ക് മാത്രമല്ല മുതിർന്നവർക്കും സംശയങ്ങൾ [illegible] ഉണ്ടാവുന്നുണ്ട്. അതുകൊണ്ട് ഹിന്ദു എന്ന വാക്കിനെക്കുറിച്ച് നമുക്ക് കുറച്ചുനേരം ആലോചിക്കാം.

ഹിമവത് സിന്ധുപര്യന്തമായ ഭൂഭാഗമാണ് ഭാരതഭൂമി. ഹിമവാൻ മുതൽ സിന്ധു (സാഗരം)വരെയുള്ള ഭൂമി ശാസ്ത്രപരമായ പ്രദേശ [illegible] സിന്ധു [illegible] ചരിത്രാതീതകാലംമുതൽ ജീവിച്ചുപോന്ന ഒരു ജനതയെയാണ് സിന്ധു [illegible] ക്കൾ എന്നു പറയുന്നത് - അവരുടെ സംസ്കാരത്തെയാണ് സൈന്ധവസംസ്കാരം എന്നു പറയുന്നത്. അവരുടെ സ്വഭാവത്തെ [illegible] ണ് സിന്ധുത്വം എന്നു പറയുന്നത് - സൂര്യന്റെ സൂര്യത്വം പോലെ [illegible] സിന്ധുക്കളുടെ സിന്ധുത്വം എന്ന പ്രയോഗം. ഹിന്ദു, ഹൈന്ദവം, ഹിന്ദു [illegible] മുതലായ പദങ്ങൾ ഭാരതത്തിലെ ഒരു പ്രാചീന ഭാഷാഗ്രന്ഥത്തി [illegible] നിങ്ങൾ കാണില്ല. സിന്ധു, സൈന്ധവം, സിന്ധുത്വം എന്നൊക്കെ കാ [illegible]

സിന്ധുക്കളുടെ മതം എന്നു വെച്ചാൽ ഭാരതഭൂമിയിൽ ആദിമ [illegible] ...ഷികൾ മുതൽക്കിന്നോളമുള്ള ഭാരതീയരുടെയെല്ലാം സംസ്കാര [illegible] ...ർശനവും കലയും ശാസ്ത്രവും എല്ലാം ചേർന്ന ഒന്നാണ്. അതിൽ [illegible] ...ികമതദർശനവും, ലോകായതം, ചാർവ്വാകം മുതലായ നാസ്തി [illegible] ...കമതദർശനവും പെടും. അറുപത്തിനാലു കലകൾ പെടും. പ്രാ [illegible]

[illegible]

...ളിൽ പല കാലങ്ങളിൽ പല ഋഷിമാർ പ്രകാശിപ്പിച്ച അഭി-
പ്രായങ്ങളാണവ. അവയൊക്കെ ഇന്ത്യക്കാരായ നമ്മുടെ പൈതൃകമാണ്.

ഇന്നത്തെ കർണ്ണാടക സംഗീതത്തിലെ "സൈന്ധവി" രാഗം പുരാ-
...ന സാമവേദത്തിൽ നിധപമഗരിസ എന്ന് അവരോഹണക്രമത്തിൽ, തീ-
...സ്വരങ്ങളായ പ്രതിമധ്യമവും കാകളിനിഷാദവും ([illegible] -
...വ ഇന്നത്തെ സപ്തകത്തിൽ ഇല്ല) ഉപയോഗിക്കുന്ന ഒരു രാഗമാണ്.
...തിന് ഹരപ്രിയ എന്നും ഒരു പേരുണ്ടായിരുന്നു. (പാർവ്വതിയുടെ
...ര്യായം. ഹിമവാന്റെ പുത്രിയാണ് ഹരപ്രിയയായ സൈന്ധവി). ഇപ്പോൾ
...തിനെ ഖരഹരപ്രിയ എന്നും വിളിക്കുന്നുണ്ട്. സപ്തസ്വരത്തിൽ ഓരോ-
...ന്നെ ആധാരമാക്കി മറ്റ് 6 സ്വരങ്ങളോട് ചേർത്താൽ 7x6=42. ഇതിനോട്
...[illegible] ഷഡ്ജമായ ഒന്നു ചേർത്ത് 43. 43 ത്രികോണവും ബിന്ദുവും
...ചക്രരൂപത്തിലാണ്. [illegible]
...[illegible] ശ്രീചക്രലക്ഷണത്തെക്കുറിച്ച് [illegible]
...ത്തിന്റെ അഭിപ്രായം നോക്കിയാൽ മനസ്സിലാക്കാം. [illegible]
...[illegible] രാഗത്തിലെ [illegible] ഷഡ്ജമാക്കി വച്ചു [illegible]
...ന്ധവി എന്ന ഹരപ്രിയ. ഇത് ആസേതുഹിമാചലമുള്ള സൈന്ധ...

[illegible]

... കടലിൽ നിന്നുണ്ടായ വസ്തുക്കൾക്കൊക്കെ ...
... സിന്ധുജം എന്ന് സംസ്കൃതത്തിൽ പറയും ...
സൈന്ധവം, സിന്ധുജം ... ആന (ഐരാവതം) മഹാലക്ഷ്മി ...
... കടലിൽനിന്നു കിട്ടിയ ഉപ്പിനെയാണ് സൈന്ധവം ...
... കടലിലെ വെള്ളത്തിന്റെ രസം എന്താണ്? ഉപ്പ് ...
... കടലിലെ ... സേതുപര്യന്തമായ സിന്ധുസാഗരവീചികൾ ...
... ഹിമവത് ... സൈന്ധവം. അത് ഏതെങ്കിലും ഒരു ...
(...) ആണ് സൈന്ധവം ... ലോകത്തിൽ മറ്റൊരു സംസ്കാര...
...മായ "മത"മല്ല. ...
...ത്തിനും ഇങ്ങനെ ഒരർത്ഥമില്ല. "ബ്രഹ്മസിന്ധു" എന്ന ...
കടലിലെ സൈന്ധവമാണ് സർവ്വചരാചരങ്ങളും എന്നു ...
...മാണ് സിന്ധുസാഗരവീചിപായ ഭാരതത്തിലെ സൈന്ധവർ ...
ഭാരതീയരുടെ സഹിഷ്ണുതയുടെ രഹസ്യം.

ഇത്രയേറെ അർത്ഥമുള്ള വാക്കുകൾ എങ്ങനെ ... ഹിന്ദുവും ഹിന്ദുത്വവും ഹിന്ദുയിസവും ഹിന്ദുമതവും ... ഒരു വിദേശഭാഷയുടെ ഇറക്കുമതിയാണ്. പേർഷ്യൻ ഭാഷയിൽ ... എന്നാണ് "സിന്ധു" എന്നതിന് ഉപയോഗിക്കുക. ഭാരതീയരുടെ ... മായ ബ്രഹ്മത്തിന്റെ മുദ്രയാണ് പൂജ്യമെന്ന് ആദ്യത്തെ ... വതരിച്ചപ്പോൾ മനസ്സിലായില്ലേ? ആ പൂജ്യത്തെ "ഹിന്ദസ്" ... (സിന്ധുക്കളുടെ സത്യം) വിളിച്ച പാരസീക ദേശക്കാരുടെ ... ഉച്ചാരണമാണ് ഹിന്ദു, ഹൈന്ദവം, ഹിന്ദുത്വം ഇതൊക്കെ.

[illegible]

[illegible] "സൈന്ധവി" യായി [illegible] എല്ലാ ഭാഷകളെയും എല്ലാ മനുഷ്യരെയും എല്ലാ [illegible] ഒരു മതത്തിൽ നിന്ന് മറ്റൊന്നിലേയ്ക്ക് [illegible] ആചാരങ്ങളിലും, ഭാഷകളിലും, വിശ്വാസങ്ങളിലും [illegible] പുലർത്തുന്ന സൈന്ധവർക്ക് അതൊന്നും അല്ല യഥാർത്ഥ [illegible] എന്നറിയാം. പ്രിയപ്പെട്ട കുട്ടികളെ, ആചാരാനുഷ്ഠാനനിഷ്ഠമായ മതവും, അനുഭൂതിനിഷ്ഠമായ ആത്മീയതയും വെറുതെയാണ്. ആചാരാനുഷ്ഠാനനിഷ്ഠമായ മതങ്ങളിലെ മനുഷ്യർക്കുതമ്മിൽ വ്യത്യാസമുള്ളൂ- അനുഭൂതിനിഷ്ഠമായ ആത്മീയതയുടെ തലത്തിൽ പ്രപഞ്ചത്തിലെ സർവ്വമനുഷ്യരും ഏകമാണ്. ബ്രഹ്മസിന്ധുവിലെ ഓരോ കണവും സിന്ധുതന്നെ... ഇതാണ് സൈന്ധവസംസ്കൃതിയുടെ പാഠം ഈ പാഠം നിങ്ങൾ വലിയ മനുഷ്യരാകുമ്പോഴും നിങ്ങളുടെ ഉള്ളിലുണ്ടാവട്ടെ! "ലോകം മുഴുവൻ സുഖമായി ഭവിക്കാൻ" ഉള്ള പ്രാർത്ഥനകളിൽ ഉണരട്ടെ! അപ്പോൾ നിങ്ങൾ യഥാർത്ഥ സൈന്ധവ സംസ്കൃതി ഉൾക്കൊണ്ടു എന്നർത്ഥം!

8 ക്ലിയോപാട്രയും ഉണ്ണിയാർച്ചയും

[illegible]

[illegible] ആരായിരുന്നു ക്ലിയോപാട്ര? അവളുടെ [illegible]

[illegible] അറിയാൻ നമുക്ക് ഈജിപ്തിലെ "പാണ" [illegible] ഈജിപ്തിലുമുണ്ട് പാണന്മാർ, ചരിത്രാതീതകാല[illegible] ഈജിപ്തി[illegible] അവർ പകുതി കഥയായും പകുതി പാട്ടായും [illegible] "തൊറ്റം" പാട്ടുകൾ പാടും. തൊറ്റം പാട്ട് [illegible] അവരുടെ കയ്യിൽ [illegible] എന്നു വിളിക്കുന്ന [illegible] ചരിത്രം. [illegible] പാട്ടും പാടി ഗ്രാമഗ്രാമാന്തരങ്ങളിൽ [illegible] ഈജിപ്തിലുണ്ട്. ഈജിപ്ത്യൻ [illegible] ഒരു ഗായക വർഗ്ഗം ഈജിപ്തിലുണ്ട്. [illegible] എങ്ങനെയുള്ളവളായിരുന്നു എന്നു നമുക്കു നോക്കാം.

[illegible] സാമ്രാജ്യമോഹവുമായി ഈജിപ്[illegible] പട നയിച്ച് ചെന്നതല്ലാതെ, ക്ലിയോപാട്ര പടയെടുത്തു [illegible] അവൾ ഒരു സാമ്രാജ്യമോഹി ആയിരുന്നില്ല. സുശക്തമായ [illegible] തന്റെ പ്രിയപ്പെട്ട രാഷ്ട്രത്തെ ആക്രമിച്ചപ്പോൾ രാഷ്ട്ര[illegible] സംസ്കാരത്തെയും സംരക്ഷിക്കാൻ വേണ്ടി [illegible] രാഷ്ട്രസ്നേഹവുമുള്ള ഒരു ഭരണാധിപ [illegible]

[illegible] ...ക്ക് അതിന് സാദൃശ്യമുണ്ട്.

ചെറുപ്പം മുതലേ പഠിപ്പിൽ മിടുക്കിയായിരുന്നു ക്ലിയോപാട്ര. പതി-
[നാല]ു വയസ്സായപ്പോഴേയ്ക്കും അവൾ നിരവധി ഭാഷകൾ സംസാരിക്കാൻ
പഠിച്ചു. തത്ത്വശാസ്ത്രത്തോടും കവിതയോടും ഗണിതത്തോടുമായിരുന്നു
ഏറെ പ്രിയം. ബി.സി. അമ്പത്തിനാലിൽ പോംപെയുടെ സേനാധിപനായി
[ഗാബി]നിയസ്സിന്റെ കൂടെ ആന്റണി ഈജിപ്തു സന്ദർശിച്ചു. അന്ന് കൊച്ചു
[കുട്ടി]യായ ക്ലിയോപാട്രയെ അവളുടെ അച്ഛന്റെ സദസ്സിൽവെച്ച് യാദൃച്ഛി-
[ക]മായി ഒറ്റ നോട്ടം കണ്ടപ്പോൾ അദ്ദേഹം വിസ്മയിച്ചു. 'ഒരു മനോഹരപു-
[ഷ്]പം' എന്ന് ആ കൊച്ചുകുട്ടിയെ നോക്കി ഒരു അഭിപ്രായവും പറഞ്ഞു.

ക്ലിയോപാട്രയ്ക്ക് പതിനെട്ടു വയസ്സുള്ളപ്പോൾ പിതാവ് അന്തരിച്ചു.
[അവ]ളും സഹോദരൻ ടോളമി പതിമൂന്നാമനും ഭരണാധികാരികളായി.
[...]ന്റെ ഇരുപത്തിരണ്ടാം വയസ്സിലാണ് സീസറെ സന്ദർശിക്കാൻ ക്ലിയോ-
[പാട്ര] നിർബന്ധിതയാവുന്നത്. സുശക്തമായ റോമാ സാമ്രാജ്യത്തിന്റെ
[ആക്ര]മണം ചെറുത്തുനിൽക്കാനോ അവർക്ക് കപ്പം കൊടുക്കാനോ തന്റെ
[രാ]ജ്യത്തിന് കഴിവില്ലാത്തതുകൊണ്ടുമാത്രം. സുന്ദരമായ തന്റെ
[ശരീ]രത്തെ ഏകാംഗപട്ടാളം (ഒറ്റയാൾപട്ടാളം) ആക്കി അവൾ. തനിക്ക്
[സീസ]റിൽനിന്ന് ഒരു പുത്രൻ പിറന്നാൽ, സീസർ ആ പുത്രന്
[അവകാ]ശപരമായി അംഗീകാരം നൽകുമെന്നും അങ്ങനെ ഈജിപ്തിന്റെ
[ഭാ]വി റോമൻ പട്ടാളക്കാരുടെ കയ്യിൽ സുരക്ഷിതമാകും എന്നുമായിരുന്നു

[illegible]

... ആ കാലത്ത് ഒക്ടേവിയസ് സീസറിന്റെ സൈന്യം [illegible]
... ആന്റണിയെ വധിച്ചു. ക്ലിയോപാട്രയ്ക്ക് [illegible]
... ജീവിക്കാൻ അവർക്കു [illegible]
... രഹസ്യമായി കടൽമാർഗ്ഗം [illegible]
... ചില വിശ്വസ്തരെ ഏല്പിച്ചിട്ട് [illegible]
... നാഗവിഷം തീണ്ടി ആത്മാഹുതി ചെയ്തു [illegible]
...യായ ആ രാജ്ഞി [illegible]
അല്ലാവുദ്ദീൻ ഖിൽജിയുടെ ആക്രമണത്തിനുമുന്നിൽ ആത്മാഹു[illegible]
ചെയ്ത ചിത്തോർ റാണി പത്മിനിയെ അഭിമാനപൂർവ്വം ഓർക്കുന്ന[illegible]
അതുപോലെയാണ് ഈജിപ്ത്യൻ പാണന്റെ പാട്ടിൽ ക്ലിയോപാ[illegible]
ഓർക്കപ്പെടുന്നത്.

യൂറോപ്പിലെ പുരുഷന്മാരായ കവികളുടെ വാക്കിലെ ക്ലിയോ[illegible]
ട്രയല്ല ഈജിപ്തിലെ പാണന്റെ വാക്കിലെ ക്ലിയോപാട്ര. അവ[illegible]
ആരെയും അങ്ങോട്ടു ചെന്ന് വശീകരിച്ചില്ല. ആരെയും ആകർഷിച്ചില്ല [illegible]
ക്കുന്ന ഒരു പുരാതനസംസ്കാരത്തെ സാമ്രാജ്യദാഹികളും [illegible]
സക്തരുമായ വിദേശികളിൽ നിന്ന് സംരക്ഷിക്കാൻ ഒടുവിൽ [illegible]
നിലയ്ക്ക് "ശരീര"ത്തെ ആഹുതിചെയ്തു. ത്യാഗത്തിന്റെ [illegible]
റോമിലെ യോദ്ധാക്കൾ ശരീരംകൊണ്ടും അധികാരശക്തി[illegible]
യൂറോപ്പിലെ പുരുഷ കവികൾ വാക്കുകൊണ്ടും ഈജിപ്തി[illegible]
അതിനെ ത്യാഗവതിയായ രാജ്ഞിയെയും മാനഭംഗപ്പെടുത്തി. [illegible]
എഴുതിയ കൊളോണിയൽ ചരിത്രം, കിഴക്കൻ ദേശത്തുനിന്നുള്ള [illegible]
മാനിനികളായ സ്ത്രീകൾ വീണ്ടും വിലയിരുത്തേണ്ടതുണ്ട്. ഈജിപ്തിൽ
മാത്രമല്ല, ഇന്ത്യയിലും!

...ക്കാൻ വീരഗാഥകൾ പാടി നടക്കുന്ന പാണന്റെ പാട്ടിൽ തെളി...ന്ന ഉണ്ണിയാർച്ചയുടെ വീരശകലിമ. ഭർത്താവില്ലാത്തപ്പോൾ കാമു...ൾ പടിവാതിൽ തുറന്നുവയ്ക്കുന്ന വേശ്യയുമായി ചിത്രീകരിക്കു...ന്ന എഴുത്തുകാരന്റെ സ്വാതന്ത്ര്യമാണ് - ഭാവനയാണ്. അതു സത്യ...മാണെന്നില്ല. ചരിത്രമാവണമെന്നില്ല. അഭിമാനികളും അന്തസ്സുള്ള...വും അറിവുള്ളവരുമായ വീരാംഗനകൾക്ക് സംഘകാലത്തെന്നപോലെ ...ക്കൻ പാട്ടുകളുടെ കാലത്തും പഞ്ഞമുണ്ടായിരുന്നില്ല. ഇന്നും ...കാർ ധാരാളമുണ്ട്. ഇനിയും ഉണ്ടാവുകയും ചെയ്യും.

കുട്ടികളേ, നിങ്ങൾ വലുതാകുമ്പോൾ, സ്ത്രീയേയും, ചരിത്ര...ത്തെയും, പിറന്നനാട്ടിന്റെ സംസ്കാരത്തെയും ശരിക്കറിയുക. ഒരാളും ...ന്റെ പെറ്റമ്മയെ ദുർനടപ്പുകാരി എന്നു വിളിക്കില്ല. മറ്റുള്ളവരുടെ ...മ്മമാരെ വിളിക്കുകയും ചെയ്യും. അത്തരം ദുർബ്ബുദ്ധി നിങ്ങൾക്ക് ഉണ്ടാ...തിരിക്കട്ടെ! ഉണ്ണിയാർച്ചയെപ്പോലെ, ക്ലിയോപാട്രയെപ്പോലെയുള്ള സുന്ദരി...കളായ വീരാംഗനകളെ ഓരോ സംസ്കാരത്തിന്റെ മുദ്രകളായി ...ചരിത്രസ്മാരകങ്ങളായി കാണാൻ നിങ്ങൾക്ക് സാധിക്കട്ടെ!"

9 പാസ്കലിന്റെ ത്രികോണം

[illegible]

... സംഗീതം ... സംഖ്യയും വെച്ച് പിരമിഡുകൾ ...
... ഉണ്ടാക്കുന്ന രീതി ഇന്ത്യയിൽ ഉണ്ടായിരു...
...ത്രികോണങ്ങൾ) ... അഥവാ ത്രികോണങ്ങൾ ...
ഇങ്ങനെയുള്ള പിരമിഡുകൾ ... പറഞ്ഞുപോന്നു. ഈ രഹസ്യം ...
... എന്നൊക്കെ ... അറിയാമെങ്കിലും അങ്ങനെ ഒരു ...
...ങ്ങളിൽ വിദ്വാന്മാരായവർക്ക് ... *Inter disciplinary approach* എന്ന് ഇന്ന് നമ്മൾ പറയുന്ന ...
...യിലുള്ള പഠനമോ അറിയാനോ പഠിക്കാനോ മിക്കവർക്കും സാധി...
...ന്നില്ല. അതുകൊണ്ട് ഇന്ത്യയിലെ ജ്യോതിഷം മുഴുവനായി ഗ്രീ...
...രുടെ സംഭാവനയാണെന്ന് പാശ്ചാത്യരായ ഗവേഷകർ പറ...
ഇവിടെയുള്ളവരും അത് ഏറ്റു പറയാൻ തുടങ്ങി. എനിക്ക് ...
ശതമാനം ഉറപ്പാണ് നിങ്ങളോടും ക്ലാസ് മുറികളിൽ അദ്ധ്യാപകർ ...
പറഞ്ഞിട്ടുണ്ടാവും. പുസ്തകങ്ങളിൽ നിങ്ങൾ അങ്ങനെ വായിച്ചിരി...
എന്ന്

ഞാനും കുട്ടിക്കാലത്ത് അങ്ങനെ വിചാരിച്ചിരുന്നു. ഭാരതീ...
ജ്യോതിഷം ഗ്രീസിൽ നിന്നു കടമെടുത്തതാണ് എന്നതിന് തെളി...

[illegible]

1. പാസ്കലിന്റെ ത്രികോണം :

സാദ്ധ്യതകൾ പ്രവചിക്കാനുള്ളതാണ് ഇത്. ആറ് നാണ്യങ്ങൾ നിങ്ങളുടെ കയ്യിൽ ഉണ്ടെന്ന് വിചാരിക്കുക. അവ മുകളിലേക്ക് നാണയം എറിയുമ്പോൾ എത്ര സാദ്ധ്യതകൾ ഉണ്ടാവാം എന്നാണ് ഈ ത്രികോണം കാണിക്കുന്നത്. 6 നാണ്യമുണ്ടെങ്കിൽ 6 കള്ളിവേണം. സാദ്ധ്യതകൾ ഏറ്റവും താഴെയുള്ള കള്ളിയിൽ കാണുന്നത്.



6 തല	5 തല 1 വാൽ	4 തല 2 വാൽ	3 തല 3 വാൽ	2 തല 4 വാൽ	1 തല 5 വാൽ	6 വാ[illegible]
1/64	6/64	15/64	20/64	15/64	6/64	1/64

കവിടിനിരത്തി ഗണിക്കുന്ന ജ്യോതിഷി ഈ സാദ്ധ്യതകളാണ് ഗണിക്കുന്നത്.



ഈ ചിത്രം [illegible] അറിയുന്നുണ്ടോ? [illegible] ഒരു ലീലയാണിത്. [illegible] പ്രസ്താരിച്ചാൽ കിട്ടുന്ന ചിത്രം പാസ്കലിന്റെ [illegible] 7 ബിന്ദുക്കളിട്ട് [illegible] ബിന്ദുക്കൾക്കുപകരം ഇട്ട് വരച്ചിരിക്കുന്നു. [illegible] ബിന്ദുക്കൾക്കുപകരം കവിടിയോ [illegible] കളിച്ചിരുന്നത്. വേഗം കൂട്ടാനും [illegible] ഈ കളി സഹായിക്കും. [illegible] ജ്യോതിഷി കേരളത്തിലുണ്ടായിരുന്നു. ([illegible] ജില്ലയിൽ). [illegible] കവിടികൾ മുകളിലേയ്ക്ക് ഇട്ട് [illegible] പ്രവചിച്ചു പറഞ്ഞിരുന്നു. ഒരു [illegible] ഇങ്ങനെ [illegible] ഓർമ്മിക്കാം!

3. ഗായത്രി എന്ന ഛന്ദസ്സ്:–

ഒരക്ഷരമുള്ള ഉക്ത മുതൽ 26 അക്ഷരമുള്ള ഉത്കൃതിവരെ [illegible] ഛന്ദസ്സുകൾ നമ്മുടെ വ്യാകരണ ശബ്ദശാസ്ത്രത്തിലുണ്ട്. ഗായത്രി അവയിൽ ആറാമത്തേതാണ്. അതായത് 6 നാണ്യങ്ങൾക്കു [illegible] ഛന്ദസ്സ് എന്നെടുത്താൽ ഗായത്രി ഛന്ദസ്സിന് വരുന്ന ലഘുഗുരു [illegible] കൊടുക്കുന്നു. ഈ ചിത്രം എ.ആർ. രാജരാജവർമ്മയുടെ പുസ്തകത്തിൽ (ഭാഷാ ഭൂഷണം പേജ് 106) നോക്കിയാൽ നിങ്ങൾക്ക് കാണാൻ സാധിക്കും. ഇത് പാസ്കലിന്റെ ത്രികോണത്തോട് താദാത്മ്യപ്പെടുന്നു. ഇങ്ങനെ ഏതു സംഖ്യയ്ക്കും പ്രസ്താരം ചെയ്യാം. പ്രസ്താരം ചെയ്യുക എന്ന് സംഗീതത്തിലും ജ്യോതിഷത്തിലും പറയുന്നവാക്കാണ്. ഛന്ദശാസ്ത്രത്തിൽ എ.ആർ. തമ്പുരാൻ "ലഗക്രിയ" ചെയ്യുക എന്നാണ് പറയുന്നത്. രണ്ടും ഒന്നുതന്നെയാണ്.



4. സംഗീതത്തിലെ പ്രസ്താരം

ഇവിടെ കൂടിയും കുറച്ചുമുള്ള ഇരട്ടിപ്പ് (പെരുക്കൽ) ആണ് പ്രസ്താരത്തിൽ [illegible]. അതായത്, സംഖ്യയുടെ ഇരട്ടിപ്പ് കൊണ്ട് [illegible] വലിയ സംഖ്യകളാണ് ലഭിക്കുക. സ,രി,ഗ,മ,പ,ധ,നി എന്ന 7 [illegible] പ്രസ്തരിച്ച [illegible] സംഗീതരത്നാകരത്തിൽ [illegible] സംഗീത കല്പദ്രുമം (പേജ് 95) ഉദ്ധരിക്കുന്നു [illegible] മുതൽ നി(നിഷാദം) വരെ 4320 ആകെ പ്രസ്താര സംഖ്യ [illegible] സംഖ്യകളെ ശ്രദ്ധിക്കുക. ഇവ ജ്യോതിശ്ശാസ്ത്രത്തിൽ ഉപയോഗിക്കുന്നവയാണ്. (ആരോഹണ, അവരോഹണങ്ങൾ കൂട്ടിവെച്ചാലേ മുഴുവൻ പിരമിഡ് ലഭിക്കൂ.)

1728 മാത്രത്തിന്റെ സത്യയുഗസംഖ്യയുമായി എങ്ങനെ ബന്ധപ്പെട്ടു എന്നു പറഞ്ഞത് ഓർക്കുന്നുണ്ടല്ലോ. അതിനെ 3 വട്ടം പകുതിയാക്കിയാൽ കിട്ടുന്ന സംഖ്യകൾ നോക്കുക.

1728 സത്യയുഗസംഖ്യ (ഏറ്റവും ചെറിയത്)

864 സൂര്യവ്യാസം

432 സൂര്യഭ്രമണപര്യയം

216 സൂര്യഭ്രമണപര്യയത്തിന്റെ പകുതി

ഒരു വൃത്തം 360 ഡിഗ്രി

360×10=3600=600×6

3600+600=4320

24- ഹോറ (മണിക്കൂർ), 24 അക്ഷരമുള്ള ഗായത്രി, 24 ശ്രുതി, 12 ഭാവസ്ഥാനം, 12 രാശി;

						4320
					600	3600
				96	480	2880
			18	72	360	2160
		4	12	48	240	1440
	1	2	6	24	120	720
1	0	0	0	0	0	0
സ	രി	ഗ	മ	പ	ധ	നി

1

സ

4320						
3600	600					
2880	480	96				
2160	360	72	18			
1440	240	48	12	4		
720	120	24	6	2	1	
0	0	0	0	0	0	1
രി	ഗ	മ	പ	ധ	നി	സ

[illegible]

24 [illegible]

[illegible] = 720×760

(360×2)×(19×40)

[illegible] കുട്ടികളേ, ഇപ്പോൾ മനസ്സിലായില്ലേ നമ്മുടെ ഈ [illegible] ഭാരതസംസ്കാരത്തിൽ വ്യാകരണം, ഛന്ദസ്സ്, വാസ്തു, ജ്യോതിഷം, സംഗീതം, ഗണിതം, [illegible] ഇവയൊക്കെ [illegible] നിന്ന് ഒരേ നിയമമനുസരിച്ച് ഉണ്ടായി കാലക്രമത്തിൽ [illegible] ശാസ്ത്രശാഖകളായിത്തീർന്നവയാണെന്ന്. ഇതു മനസ്സിലാക്കിയാൽ നമ്മുടെ സംസ്കാരം ആരിൽ നിന്നും കടമെടുത്തിട്ടില്ല എന്നും മനസ്സിലാവും - അതോടൊപ്പം നമ്മുടെ തനിമ നമ്മുടെ ശാസ്ത്രങ്ങളും കലകളും ആണെന്നും മനസ്സിലാവും.

നിങ്ങളൊക്കെ വലുതാവുമ്പോൾ ഡോക്ടറും എഞ്ചിനീയറും കലക്ടറും മന്ത്രിയും മറ്റു പലതും ആവട്ടെ! എന്തു ജോലി ചെയ്തു ജീവിച്ചാലും അവനവന് താല്പര്യമുള്ള ഏതെങ്കിലുമൊരു കലയിലോ ശാസ്ത്രത്തിലോ ഉള്ള ശ്രദ്ധ കൈമോശംവരാതെ നോക്കുക. അതാണ് ഭാരതതനിമ. അതാണ് സൈന്ധവരുടെ 'സൈന്ധവി'യുടെ ലിപിയെ അറിഞ്ഞാനന്ദിക്കാൻ ഏറ്റവും നല്ല മാർഗ്ഗം.

10 ഇന്നത്തെ അമ്മ

[illegible]

വിവേകാനന്ദസ്വാമികൾ ഒരിക്കൽ പറയുകയുണ്ടായി, [illegible] എന്റെ കുഞ്ഞിനെ തൊട്ടിലാട്ടിക്കൊണ്ട് [illegible] നിരഞ്ജനവുമായ ആത്മാവാണ്. [illegible] ശുദ്ധവും മുക്തവും [illegible] എന്നു പാടിയെന്നേ എന്ന്! നമ്മൾ വെറും ശരീരമല്ല എന്നു [illegible] ശുദ്ധചൈതന്യമായ ആത്മാവാണ് എന്ന ആത്മബോധം [illegible] ആത്മവിശ്വാസം ഉണ്ടാവും. ആത്മവിശ്വാസം, ശ്രദ്ധ [illegible] ഇതുമൂന്നും ജീവിതത്തിൽ ഉണ്ടാവണമെന്ന് എപ്പോഴും [illegible] കേരളത്തിലെ എല്ലാ കുഞ്ഞുങ്ങൾക്കും വേണ്ടി എന്റെ [illegible] ഓർക്കണം. [illegible] യശശ്ശരീരനായ നാലപ്പാട്ടു നാരായണമേനോൻ ഒരു കവിത എഴുതുകയുണ്ടായി. "ഇന്നത്തെ അമ്മ" എന്നാണ് പേര്. നമ്മുടെ മുൻ വിദ്യാഭ്യാസമന്ത്രി ജോസഫ് മുണ്ടശ്ശേരി ഒരിക്കൽ [illegible] അഭിപ്രായപ്പെട്ടു. ഈ കവിത കേരളത്തിലെ സ്കൂളുകളിൽ പഠിപ്പിച്ചാൽ ഇവിടത്തെ ഒരു കുട്ടിയും ദുർമാർഗ്ഗത്തിൽ സഞ്ചരിക്കില്ല എന്ന്. വിവേകാനന്ദസ്വാമിയും നാലപ്പാട് നാരായണമേനോനും അമ്മമാരല്ല. പക്ഷേ അമ്മയുടെ "ഹൃദയം" ഉള്ള ബുദ്ധിമാന്മാരായ വ്യക്തികളാണ്. നാലപ്പാട്ടിന്റെ "ഇന്നത്തെ അമ്മ" എന്നത്തെയും അമ്മയാണ്. അതുകൊണ്ട് ഇപ്പോഴത്തെ മക്കളായ നിങ്ങൾക്കും അടുത്ത തലമുറയിൽ വരാനിരിക്കുന്ന എല്ലാ തങ്ങളുടെ മക്കൾക്കും വേണ്ടി അതിലെ കുറച്ചു വരികൾ ഇവിടെ ഉദ്ധരിക്കയാണ് (മുഴുവൻ കവിത നാലപ്പാട്ടിന്റെ പദ്യകൃതികളിൽ വായിക്കുക.) [illegible]നവും ശാസ്ത്രവും മാത്രം പോര - ജീവിതത്തിൽ കലകളും [illegible]യും വേണം. ബുദ്ധിയോടും യുക്തിയോടും ഒപ്പം സ്നേഹിക്കാനറിയുന്ന ഹൃദയവും വേണം.

[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
ദൈവം നിനക്കു കുറിച്ചു വെച്ചുള്ളൊരു
ജീവിതപ്പാതയത്ര നിർമ്മലമായ്

പേടിപ്പെടുത്തുകിൽ പിന്തിരിഞ്ഞീടാതെ
മാടിവിളിപ്പതും മാനിയാതെ
പട്ടുതാനാകിലും വെട്ടുതാനാകിലും
കിട്ടുന്നവയിൽ മനസ്സൂന്നാതെ
നാലുപുറത്തുമുള്ളോരെത്ര നിന്ദിച്ചുവെ-
ന്നാലുമെത്രയ്ക്കു പുകഴ്ത്തിയാലും
ആകാശം തന്നെയിടിഞ്ഞു വീണീടിലു-
മാകാത്ത കർമ്മത്തിൽ കൈവെച്ചിടാതെ
[illegible] സുകൃതമുള്ളൊ-
രമ്മിഞ്ഞപ്പാലു ദുഷിപ്പിക്കാതെ
എന്മകനെത്തിടുകെന്നോമന ദിക്കിലീ-
യമ്മയെ മുറ്റുമൊരമ്മയാക്കാൻ...

പാവമാമുള്ളിക്കുടുംബത്തിലല്ലയോ
ദൈവമെനിക്കു പിറവിതന്നു
ഏവമെന്നോമനക്കുഞ്ഞിന്നു ദൈന്യ-
ഭാവമുണ്ടാകരുതൊന്നുകൊണ്ടും
കേവലാത്മാവാകുമീശ്വരൻ നിന്നിലു-
ണ്ടാവിധമേതുമഹർഷിയിലും
രാജ്യം ഭരിക്കുന്ന രാജരാജരിലും
പൂജ്യനായെത്ര പ്രവർത്തിക്കുന്നു

[illegible]

[illegible]

[illegible]

കോളുകൊണ്ടവിലാസങ്ങളാലെ
പറ്റില്ല ചെയ്യാതെയെന്നാകിൽ ചൂടിടാം
മറ്റുപാട്ടത്തിനാൽ ന്യൂനമാക

അന്യജനത്തിലുമന്യധർമ്മത്തിലു-
മന്യായമായി ശ്രമിച്ചിടാതെ
സന്യാസശീലരാമപ്പരമ്പരയുള്ളോരുടെ
ധന്യസ്മരണനിന്നുള്ളിൽ നിന്നാൽ
[illegible]
നന്മയല്ലാതെ കണ്ടില്ലയല്ലോ.
വല്ലതും കാണിച്ചു ശീലിക്കാത്തോരുടെ
നല്ലൊരു വംശത്തിന്നൈക്യം നീ
പൂർവ്വികന്മാരുടെ പുണ്യപദം ചേർന്ന

[illegible]

[illegible] നമ്മുടെ പൂർവ്വികരുടെ മഹത്തായ കഥകൾ അമ്മ ഇവിടെ [illegible] ശിവൻ, വിഷ്ണു, അഗസ്ത്യമഹർഷി, [illegible] [illegible] ഉണ്ണികൃഷ്ണൻ, ഹനുമാൻ [illegible] വല്ലതും കാണിച്ചുതരികയില്ലേ, സന്യാസിമാരായ ആ പൂർവ്വികരുടെ വംശത്തിന്റെ അങ്കുരങ്ങളാണ് ഭാരതീയരായ നമ്മൾ [illegible] പാലിച്ചുകൊണ്ട് ഏതു പ്രതികൂല സാഹചര്യത്തിലും നിരാ[illegible], മനസ്സുതളരാതെ, ഞാൻ ആത്മാവാണ്, ശരീരമല്ല എന്ന [illegible] നേരായ ധർമ്മപഥത്തിലൂടെ സഞ്ചരിക്കാൻ നിങ്ങൾക്ക് എല്ലാവർക്കും സാധിക്കട്ടെ! കുഞ്ഞുങ്ങളേ, സ്വാമിവിവേകാനന്ദൻ പറഞ്ഞത് ഓർക്കുക - നിങ്ങൾ ശുദ്ധവും മുക്തവും നിരഞ്ജനവുമായ ആത്മാവാണ്.

"ശുദ്ധോസി ബുദ്ധോസി നിരഞ്ജനോസി"

"ഇന്നത്തെ അമ്മ"യുടെ താരാട്ടിലും അതേ സന്ദേശമാണുള്ളത്. സർവ്വമഹത്വവും സർവ്വവിജ്ഞാനവും തികഞ്ഞ ആത്മചൈതന്യം വൈഭവം വച്ചിട്ട് "അയ്യോ, ഞാൻ പാവം - ഒരു ശരീരം മാത്രം" എന്നു വിചാരിച്ച് നിരാശപ്പെടരുത് - ആ നിരാശയുടെ പേരാണ് സംസാരം - മായ!!

നമ്മുടെ പൈതൃകം എന്ത്? നമ്മുടെ മാതൃകകൾ എന്ത്? നാം ആര്? നമ്മുടെ ജീവിതലക്ഷ്യമെന്ത്? നാം നമ്മുടെ ചുറ്റുമുള്ള ലോകത്തെ എങ്ങനെ കാണുന്നു? എങ്ങനെ ജീവിക്കുന്നു? നമ്മുടെ ചുറ്റുമുള്ള ലോകം നമ്മുടെ കർമ്മത്തിൽ നിന്ന് നമ്മെ എങ്ങനെ കാണുന്നു? ഇതൊക്കെ ചേർന്നതാണ് ജീവിതം.

നടക്കുമ്പോൾ ചവിട്ടുന്ന ഈ ഭൂമി നമ്മുടെ അമ്മയാണ്. അമ്മയുടെ "അംഗ"മായ ഭാരതഭൂമിയിലെ മനുഷ്യരാണ് നാം. എല്ലാ മനുഷ്യരും എല്ലാ ജീവജാലങ്ങളും ഈശ്വരത്വം നിറഞ്ഞു തുളുമ്പുന്നവർ! ഭാരതഭൂമിയിലെ മണ്ണും കാറ്റും ജലവും സ്വാതന്ത്ര്യവും അന്നവും വിദ്യയും കലകളുടെയും ശാസ്ത്രങ്ങളുടെയും ദർശനങ്ങളുടെയും പാരമ്പര്യവും ഇവിടെ ജനിച്ചു വളരുന്ന ഓരോ കുട്ടിയുടെയും 'പൈതൃക'മാണ് - ഓരോ കുട്ടിയുടെയും 'മാതൃക'കൾ ഇവിടെയാണുള്ളത് - ഈ ദേശീയബോധത്തോടെ

[illegible]

[illegible]

[illegible]

[illegible]

[illegible] നനഞ്ഞു നടന്നു.

[illegible]

[illegible] നനഞ്ഞു നടന്നു.

[illegible]

[illegible]

[illegible]

ഇന്നത്തെ അമ്മ

ഡോ. സുവർണ്ണ നാലപ്പാട്ട്

നമ്മുടെ പൗരാണിക ശാസ്ത്രം
ഇന്നത്തെ ശാസ്ത്രത്തോടൊപ്പം,
അല്ലെങ്കിൽ അതിലും
മികച്ചതായിരുന്നു.
എന്നാൽ ഈ തലമുറയ്ക്ക്
അവയെക്കുറിച്ച്
അറിവില്ല. ഈ അറിവില്ലായ്മയ്ക്ക്
വിരൽചൂണ്ടുന്ന,
നമ്മുടെ ശാസ്ത്ര സാംസ്കാരിക
പാരമ്പര്യത്തെക്കുറിച്ച് കുട്ടികൾക്കു
മനസ്സിലാക്കാൻ പാകത്തിന്
തയ്യാറാക്കിയിരിക്കുന്ന
ഒരു കൊച്ചു കൈപ്പുസ്തകം.

ബാലസാഹിതി പ്രകാശൻ
മാധവസ്മൃതി, ആലുവ